ENTRI

# MODULE 3

## കേരള സംസ്കാര ചരിത്രം

കേരള സംസ്കാര ചരിത്ര രചനക്കുള്ള ഉപാദാന സാമഗ്രികൾ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, ചരിത്രാതീത കേരളം, സംഘകാല ജീവിതവും സംസ്കാരവും, പ്രാചീന കേരളത്തിന്റെ വാണിജ്യ ബന്ധങ്ങൾ, വർത്തക സംഘങ്ങൾ, സഞ്ചാരികൾ എന്നിവയാണ്.

1. **<u>കേരള സംസ്കാര ചരിത്ര രചനക്കുള്ള ഉപാദാന സാമഗ്രികൾ</u>**.

കേരളീയനെഴുതിയ ആദ്യത്തെ കേരളചരിത്ര ഗ്രന്ഥം തുഹ് ഫത്തുൽ മുജാഹിദീൻ ആണ്. എ .ഡി പതിനാറാം ശതകത്തിൽ പൊന്നാനിയിൽ ജീവിച്ചിരുന്ന അറബി ഭാഷ പണ്ഡിതൻ ശൈക്ക് സൈനുദ്ധീനാണ് ഇത് എഴുതിയത്. കേരളത്തെക്കുറിച്ചു പരാമർശിക്കുന്ന ആദ്യത്തെ സംസ്കൃതകൃതി ഐതരേയ ആരണ്യകമെന്ന് വിശ്വസിക്കുന്നു. രാമായണത്തിലും, മഹാഭാരതത്തിലും കേരളപരാമർശമുണ്ട് . 11-ം ശതകത്തിൽ എഴുതിയ മൂഷകവംശം ആണ് മറ്റൊരു കൃതി . ഇങ്ങനെ പല സംസ്കൃതകൃതികളിലും കേരള ചരിത്ര രേഖകകൾ ചിതറി കിടപ്പുണ്ട്. ലക്ഷ്മിദാസന്റെ ശുക സന്ദേശം, ഉദ്ദണ്ഡന്റെ കോകില സന്ദേശം , ഒരു അജ്ഞാത കവിയുടെ ഉണ്ണുനീലി സന്ദേശം തുടങ്ങി ചരിത്ര വിഷയങ്ങൾ പരാമർശിക്കുന്ന ധാരാളം കൃതികൾ ഇവിടെ പിൽകാലത്തുണ്ടായിട്ടുണ്ട്.

<u>മലയാളകൃതികൾ</u>

- ഒൻപതാം ശതകത്തിന് ശേഷമാണ് മലയാളം തമിഴിൽ നിന്ന് വേർപിരിഞ്ഞു തുടങ്ങിയത് . അതിന് മുൻപ് കേരളം കവികൾ തമിഴിലോ സംസ്കൃതത്തിലോ എഴുതിയിരുന്നു.
- പതിമൂന്നാം ശതകത്തിനു ശേഷമുള്ള ഉണ്ണിച്ചിരുതേവിചരിതം, ഉണ്ണിയാടി ചരിതം, തിരുനിഴൽമാല,രാമകഥപാട്ട്,പയ്യന്നൂർ പാട്ട് തുടങ്ങിയവയാണ് നമുക്ക് ലഭിച്ച പ്രധാന കൃതികൾ .
- അനന്തപുര വർണനം, ഉണ്ണുനീലിസന്ദേശം ഇവ കൂടാതെ പ്രാദേശികമായി പ്രാധാന്യമുള്ള ചില കൃതികളും സ്ഥല പുരാണങ്ങളും വീരകഥാഗാനങ്ങളും ചരിത്ര പഠനത്തിന് സഹായിക്കുന്നുണ്ട്.
- ഇരവികുട്ടിപ്പിളപ്പോരു, പുതുവാതപ്പാട്ട്, വലിയതമ്പി ,കുഞ്ചുത്തമ്പി കഥ ഇവ ഉദാഹരണം വടക്കൻ പാട്ടുകളും, തെക്കൻ പാട്ടുകളും മാപ്പിള പാട്ടുകളും ഇക്കൂട്ടത്തിൽ പെടും.

<u>വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ</u>

- ചരിത്രാതീതകാലം മുതൽ ഗ്രീസിൽ നിന്നും ചൈനയിൽ നിന്നും അറേബ്യയിൽ നിന്നും വ്യാപാരികളും സഞ്ചാരികളും കേരളത്തിൽ വന്നുപോയിരുന്നു .അവർ രേഖപ്പെടുത്തിയ പല സംഗതികളും ചരിത്രപരമായി വിലപെട്ടതാണ്.

- പതിനഞ്ചാം നൂറ്റാണ്ടിൽ മാഹവാൻ എന്ന ചീന സഞ്ചാരി കേരളത്തെ പറ്റി രേഖപ്പെടുത്തിയിട്ടുണ്ട് .കൊച്ചിയെകുറിച്ചാണ് അദ്ദേഹം ആദ്യമായി രേഖപ്പെടുത്തിയത്.
- അറബികളിൽ സുലൈമാൻ എന്ന വ്യാപാരിയാണ് ആദ്യമായി കേരളത്തെപ്പറ്റി രേഖപ്പെടുത്തിയത് .പോർച്ചുഗീസ് ഡച്ച് കാലഘട്ടത്തിൽ വന്ന സഞ്ചാരികളുടെ ഗ്രന്ഥങ്ങൾ പരക്കെ അറിയപ്പെടുന്നതാണ് .
- കേരളത്തിലെ മരുമക്കത്തായത്തെപ്പറ്റി ആദ്യമായി പ്രതിപാദിക്കുന്ന ഗ്രന്ഥകാരൻ ഫ്രിയാർ ജോർഡാനസ് ആണ് .

<u>കൊട്ടാരങ്ങളും കോട്ടകളും</u>

- അതിപ്രാചീനകാലത്തേ കൊട്ടാരങ്ങൾ പലതും മണ്ണടിഞ്ഞു. നിലവിലുള്ളതിൽ പത്മനാഭപുരം കൊട്ടാരം ഏറെ പ്രധാനമാണ്. കൊത്തുപണികളും ചുവർ ചിത്രങ്ങളും ചരിത്ര സത്യങ്ങൾ പറയുന്നുണ്ട്.
- യൂറോപ്യന്മാർ ഇന്ത്യയിൽ നിർമിച്ച കൊട്ടാരങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണ് മട്ടാഞ്ചേരിയിലെ ഡച്ച് കൊട്ടാരം. ഡച്ചുകാർ നിർമ്മിച്ചു കൊച്ചി രാജാവിന് സമ്മാനിച്ച ഇതിൽ രാമായണം കഥ ആലേഖനം ചെയ്ത ചുവർ ചിത്രങ്ങൾ ഉണ്ട്.
- കായംകുളത്തെ കൃഷ്ണപുരം കൊട്ടാരമാണ് മറ്റൊന്ന് മാർത്താണ്ഡവർമ പിടിച്ചടക്കിയ കൊട്ടാരമാണിത് ഇവിടെയും ഒത്തിരി പഴക്കമുള്ള ചിത്രങ്ങൾ ഉണ്ട്. ചരിത്ര സ്മരണകൾ ഉണർത്തുന്ന കോട്ടകൾ കേരളത്തിന്റെ പല ഭാഗത്തുണ്ട് കോട്ടപ്പുറം, തലശ്ശേരി, പാലക്കാട്, ബേക്കൽ, കണ്ണൂർ, ഇവിടങ്ങളിലെ കോട്ടകൾ ഏറ്റവും പ്രധാനമാണ്.
- യൂറോപ്യന്മാർ നിർമിച്ച ഏറ്റവും പഴക്കമുള്ള കോട്ട പള്ളിപ്പുറത്തെ ആയ്കോട്ടയാണ് . ബേക്കൽ കോട്ടയാണ് ഏറ്റവും വലിയ കോട്ട . ബെഡ്നോർ നായ്ക്കന്മാർ പണി കഴിപ്പിച്ചതാണ് ഈ കോട്ട. കൊടുങ്ങല്ലൂരിലെ ചേരമാൻ പറമ്പ്, തിരുവഞ്ചിക്കുളത്തിനടുത്തുള്ള തൃകണ്ണാമതിലകം, വാസ്കോഡഗാമ വന്നിറങ്ങിയ കാപ്പാട് കടപ്പുറം എങ്ങനെ പലതും.

<u>നാണയങ്ങൾ</u>

- ഏറ്റവും കൗതുകമുളവാക്കുന്ന ചരിത്ര സ്മാരകങ്ങളാണ് നാണയങ്ങൾ. ഇതിൽ വൈദേശിക നാണയങ്ങൾ ഏറെ വിലപ്പെട്ടതാണ്. അതിൽ തീയതിയും ചിനങ്ങളും രാജമുദ്രയും മറ്റും ഉണ്ടായിരിക്കും.
- റോമൻ നാണയങ്ങളാണ് ഏറെ പഴക്കമുള്ളത്. ബി സി ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഇവ പ്രചരിച്ചിരുന്നു.
- അറബി സിലോൺ നാണയങ്ങളും കിട്ടിയിട്ടുണ്ട് .കേരളത്തിലല്ലാതെ മറ്റു സംസ്ഥാനങ്ങളി ൽ നിലനിന്ന നാണയങ്ങളും ഉണ്ട്.
- ബുദ്ധന്റെ കാലത് പ്രചരിച്ചിരുന്ന മുദ്രിത, ചോളരുടെ സ്വർണനാണയം - ആനയച്, ഡച്ചുകാരുടെ ചെമ്പു നാണയങ്ങൾ ഇവ എടുത്ത് പറയേണ്ടതാണ് .
- ദീനാരം,താരം,രാശി തുടങ്ങിയവയും അന്ന് ഉണ്ടായ പ്രധാന നാണയങ്ങൾ ആണ്.

<u>ശാസനങ്ങൾ</u>

- കേരളചരിത്ര രചനയ്ക്ക് ഉപകരിക്കുന്ന വിലപെട്ടതും വിശ്വസ്യവുമായ രേഖ ശാസനങ്ങളാണ്. ശിലയും ചെമ്പുപാളികളും എഴുതിയ ശാസനങ്ങൾ അതതുകാലത്തെ രാജ ചരിത്രവും ജന ജീവിതത്തിന്റെ സാമൂഹിക സാംസ്കാരിക നിലവാരവും വിളംബരം ചെയുന്നു . കൂടാതെ കേരളം ബിഷയുടെ പ്രാചീനതയും ഗ്രഹിക്കാം.
- ചേര രാജാവായ ഭാസ്കര രവിവർമ്മയുടെ ശാസനങ്ങൾ കേരളത്തിന്റെ പല ഭഗത് നിന്ന് ലഭിച്ചിട്ടുണ്ട് . ചേരസാമ്രാജ്യത്തിന്റെ വിസ്തൃതി മനസിലാക്കാൻ ഇത് സഹായിച്ചു. അദ്ദേഹത്തിന്റെ ജൂതശാസനം വിദേശികൾക് വ്യാപാരത്തിന് ചില സൗജന്യങ്ങൾ ചെയ്ത കൊടുത്തതിന്റെ രേഖയാണ്.
- കേരളീയരല്ലാത്തവർ നിർമിച്ച ശാസനങ്ങളും ശിലാരേഖകളും ഇനിയും ശേഷിക്കുന്നു പുരാവസ്തുക്കളായും സ്മാരകങ്ങളായും സൂക്ഷിക്കപെട്ട ഈ രേഖകളിൽ നിന്നുമാണ് നവീന കേരളം ചരിത്രം വായിച്ചറിഞ്ഞത്.

2. **കേരളത്തിന്റെ ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ**

കിഴക്ക് പശ്ചിമഘട്ടത്തിൽ തുടങ്ങി പടിഞ്ഞാറ് അറബിക്കടൽ വരെയുള്ള കേരളത്തിന്റെ ഭൂമിശാസ്ത്രം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഏറെ ഭിന്നമാണ്.തെക്കുമുതൽ വടക്കുവരെ ഇടതടവില്ലാതെ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട മലനിരകളാണ് കേരളത്തിന്റെ കാലാവസ്ഥ നിയന്ത്രിക്കുന്നത്. പ്രകൃതി നിർമ്മിതമായ ഒരു മതിലുപോലെയാണ് ഈ മലനിരകൾ.പാലക്കാട് ജില്ലയിലെ വാളയാറിൽ മാത്രമാണ് പശ്ചിമഘട്ടം മുറിക്കപ്പെടുന്നത്.വാളയാർ ചുരം എന്ന ഈ ചുരമുള്ളതിനാൽ പാലക്കാടു ജില്ലയിൽ മാത്രം മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി വരണ്ട കാലാവസ്ഥയാണ്. 580 കിലോമീറ്റർ നീണ്ടുകിടക്കുന്നതാണ് കേരളത്തിന്റെ തീരപ്രദേശം.കോട്ടയം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളൊഴികെ ബാക്കി ജില്ലകളെയെല്ലാം അറബിക്കടൽ സ്പർശിക്കുന്നുണ്ട്.

<u>ഭൂപ്രകൃതി</u>

- ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായി തരം തിരിച്ചിരിക്കുന്നു.
- മലനാട് - സമുദ്രനിരപ്പിൽ നിന്ന് 75മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ. 18653 ച.കി.മീറ്റർ വിസ്തൃതിയുള്ള കേരളത്തിന്റെ 48 ശതമാനവും മലനാടാണ്.
- ഇടനാട് - 7.5 മീറ്ററിനും 75 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശങ്ങൾ. ചുവന്ന മണ്ണ് ഈ പ്രദേശത്തിന്റെ പ്രതേകതയാണ്. നെൽകൃഷിക്ക് വളരെ യോജിച്ചതാണ് ഈ മണ്ണ്.
- തീരദേശം - 7.5 മീറ്ററിൽ താഴെ ഉയരമുള്ള പ്രദേശങ്ങൾ. കേരളത്തിൽ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തീരപ്രദേശത്താണ്. കൊച്ചി, ആലപ്പുഴ എന്നിവ ഇതിനുദാഹരണങ്ങളാണ്. പുരാതന കാലം മുതൽക്കേ കടലുമായി ബന്ധപ്പെട്ട വ്യാപാരം മൂലം വന്ന പ്രത്യേകതയാണ് ഇത്. കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ തീരദേശം വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്.

<u>കായലുകൾ</u>

- ഉൾനാടൻ ജലാശയങ്ങൾ കേരളത്തിന്റെ പ്രത്യേകതയാണ്. അത്തരം ഒരു ജലാശയവും അതിലൂടെ ഒഴുകുന്ന ഹൗസ്ബോട്ടുകളും കാണാം.
- കടലുമായി ബന്ധപ്പെട്ട ജലാശയങ്ങളായ കായലുകൾ 34 എണ്ണമാണ് കേരളത്തിലുള്ളത്. ഇവയിൽ 27 എണ്ണം കടലുമായി നേരിട്ട് ബന്ധപ്പെട്ടുകിടക്കുന്നു. 7 എണ്ണം ഉൾനാടൻ ജലാശയങ്ങളാണ്. ഈ കായലുകൾ ബന്ധിപ്പിക്കുന്ന 448 കി.മീ. നീളം വരുന്ന ഉൾനാടൻ ജലപാതകൾ ഉണ്ട്. അവയിൽ കൊല്ലം മുതൽ കൊടുങ്ങല്ലൂർ വരെയുള്ള ജലപാതയുടെ വികസനം ഇപ്പോൾ നടന്നു വരുന്നു.
- മിക്ക കായലുകളിലും 24 മണിക്കൂറിൽ രണ്ടു പ്രാവശ്യം വീതം വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നു. പ്രധാനകായലുകൾ താഴെപറയുന്നവയാണ്: വേളിക്കായൽ, അഷ്ടമുടിക്കായൽ, വേമ്പനാട്ടുകായൽ, കൊടുങ്ങല്ലൂർ കായൽ, കഠിനകുളം കായൽ, അഞ്ചുതെങ്ങുകായൽ, ഇടവാ-നടയറക്കായലുകൾ, പരവൂർ കായൽ, പൊന്നാനിക്കായൽ, കടലുണ്ടി.

<u>നദികൾ</u>

- കേരളത്തിൽ 44 നദികൾ ഉണ്ട്. 41 എണ്ണം സഹ്യപർവ്വതത്തിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകുമ്പോൾ മൂന്നെണ്ണം കിഴക്കോട്ടാണ് ഒഴുകുന്നത്.
- കേരളത്തിലെ നദികൾ പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നു എന്നകാരണത്താൽ ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെ നദികളെ അപേക്ഷിച്ച് നീളം കുറവാണ്.
- 244 കി.മീ നീളമുള്ള പെരിയാർ നദിയാണ് കേരളത്തിലെ ഏറ്റവും നീളമുള്ള നദി. രണ്ടാം സ്ഥാനം ഭാരതപ്പുഴക്കും മൂന്നാംസ്ഥാനം പമ്പയാറിനുമാണ്.

- പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ: നെയ്യാർ, കരമനയാർ, മാമം നദി, വാമനപുരം നദി, ഇത്തിക്കരയാറ്, അയിരൂർപുഴ, കല്ലടയാർ, പള്ളിക്കലാറ്, അച്ചൻകോവിലാറ്, പമ്പ, മണിമലയാറ്, മീനച്ചിലാറ്, മൂവാറ്റുപുഴ (പുഴ), പെരിയാർ, ചാലക്കുടിപ്പുഴ, കരുവന്നൂർപുഴ, പുഴയ്ക്കല്പുഴ, കീച്ചേരിപ്പുഴ, ഭാരതപ്പുഴ, തിരൂർപ്പുഴ, കടലുണ്ടിപ്പുഴ (കരിമ്പുഴ), ചാലിയാർ (ബേപ്പൂർപ്പുഴ), കല്ലായിപ്പുഴ, കോരപ്പുഴ, കുറ്റ്യാടിപ്പുഴ, മയ്യഴി, തലശ്ശേരിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണംപുഴ, കുപ്പം പുഴ, രാമപുരംനദി, പെരുവമ്പപ്പുഴ, കവ്വായിപ്പുഴ, കാര്യങ്കോടുപുഴ (തേജസ്വിനി), നീലേശ്വരംപുഴ, ചിത്താരിപ്പുഴ, ചന്ദ്രഗിരിപ്പുഴ, മെഗ്രാൽ, ഷിറിയപ്പുഴ, ഉപ്പള, മഞ്ചേശ്വരംപുഴ.

- കിഴക്കോട്ടൊഴുകുന്ന നദികൾ: കബനി, ഭവാനി പാമ്പാർ.

<u>കടൽത്തീരം</u>

- കേരളത്തിൻ 580 കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്. 14 ജില്ലകളിൽ ഒൻപതും കടൽ സാമീപ്യമുള്ളവയാണ്.
- പ്രശസ്തമായ കോവളവും ഇന്ത്യയിലെ ഏറ്റവും ആഴം കൂടിയ തുറമുഖമായ വിഴിഞ്ഞവും കേരളത്തിലാണ്.
- ഭാരതത്തിലെ പ്രധാന തുറമുഖങ്ങളിലൊന്നാണ് കൊച്ചി. ഇതുകൂടാതെ നിരവധി കടൽത്തീരങ്ങൾ വിനോദസഞ്ചാരത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ട്.

ധാതുസമ്പത്ത്

- അങ്ങാടിപ്പുറത്ത് ഫ്രാൻസിസ് ബുക്കാനന്റെ സ്മരണാർത്ഥം വെട്ടുകല്ലിൽ സ്ഥാപിച്ചിരിക്കുന്ന സ്മാരകം-വെട്ടുകല്ലിനെക്കുറിച്ച് ആദ്യമായി പരാമർശിച്ചത് ബുക്കാനനാണ്.
- അപൂർവ്വ ലോഹങ്ങൾ അടങ്ങിയ കരിമണൽ കേരളത്തിൻറെ തീരത്ത് ധാരാളമായി ഉണ്ട്. കേരളത്തിൽ സാർവത്രികമായി കാണപ്പെടുന്ന മറ്റൊരു ശിലാസമ്പത്താണ് ലാറ്ററൈറ്റ് അഥവാ ചെങ്കല്ല്.
- പ്രാചീനകാലം മുതലേ കേരളീയർ ഇത് ഉപയോഗപ്പെടുത്തിവരുന്നു. ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സിൽമനൈറ്റ്, തോറിയം, ടൈറ്റാനിയം, ബോക്സൈറ്റ്, മാഗ്നടൈറ്റ് തുടങ്ങിയ അയിരുകൾ ധാരാളമായി കാണപ്പെടുന്നുണ്ട്.

<u>വനങ്ങൾ</u>

- ക്രിസ്തു വർഷം 300നും 1500നുമിടക്ക് കേരളത്തിൽ നിന്ന് കരിന്താളത്തടികൾ ഈജിപ്തിലേക്ക് കയറ്റി അയച്ചിരുന്നു. ഈ തടി ലഭിച്ചിരുന്ന ഏകസ്ഥലം കേരളമായിരുന്നു.
- പിന്നീട് ബ്രിട്ടീഷുകാരുടെ കാലത്ത് തേക്ക് മരങ്ങള് വൻതോതിൽ മുറിച്ച് മാറ്റിയിരുന്നതിനാൽ വനമേഖലയിൽ വന്ന കുറവ് നികത്താനായി ബ്രിട്ടീഷുകാർ തേക്കിൻ തോട്ടങ്ങൾ വളർത്താനാരംഭിച്ചു.
- 1842-ൽ ലോകത്തിലെ ആദ്യത്തെ തേക്കിൻ തോട്ടം നിലമ്പൂരിൽ ആരംഭിച്ചു.
- കേരളത്തിലെ ആകെ വനപ്രദേശം ഏതാണ്ട് 1100 ച.കി.മീ. ആണ്. (ഇത് വർഷാവർഷം കുറയുന്നതല്ലാതെ കൂടിയിട്ടില്ല) ഈ വനമേഖലകളിലായി 20 വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- വനമേഖലകളിൽ നിത്യഹരിതവനങ്ങൾ, കണ്ടൽകാടുകൾ, മഴക്കാടുകൾ, ഇലകൊഴിയും ഈർപ്പവനങ്ങൾ എന്നിവയുണ്ട്.

<u>വൃക്ഷങ്ങൾ</u>

- അകിൽ, അഗസ്തി, അത്തി, ആഞ്ഞിലി, ആൽമരം, അലസിപ്പൂമരം, അശോകം, ഇത്തി, ഇലഞ്ഞി, ഇലന്ത, ഇലവ്, ഈട്ടി, ഉറക്കതൂങ്ങിമരം, കടുക്ക, കണിക്കൊന്ന, കടപ്ലാവ്, കരിങ്ങാലി, കരിമ്പന, കശുമാവ്, കർപ്പൂരമരം, കാഞ്ഞിരം, കാറ്റാടിമരം, കുപ്പമഞ്ഞൾ, കൂവളം, കൊക്കോ, ചന്ദനം, ചെമ്പകം, പുളി, പെരുമരം, ബദാം, പേര, പ്ലാവ്, മഞ്ചാടി, മണിമരുത്, മഹാഗണി, മാഞ്ചിയം, മാവ്, മുരിക്ക്, മുള, രക്തചന്ദനം, വട്ട, വഴന,

യൂക്കാലിപ്റ്റസ്, വെന്തേക്ക്, വേങ്ങ, വേപ്പ്, തുടങ്ങിയവയാണ് കേരളത്തിലെ കാടുകളിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട വൃക്ഷങ്ങൾ.

## 3. സംഘകാല ജീവിതവും സംസ്കാരവും

സംഘകാലത്ത് കേരളം വിശാലമായ തമിഴകത്തിന്റെ ഭാഗമായിരുന്നു വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്ന അഞ്ചു നാടുകളായി കേരളം വിഭജിച്ചിരുന്നു . കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ആയ് രാജാക്കന്മാരും വടക്കുള്ള പ്രദേശങ്ങളിൽ ഏഴിമല രാജാക്കന്മാരും ഭരിച്ചിരുന്നു . ഇടയ്ക്കുള്ള നാട് ചേര രാജാക്കന്മാരുടെ ഭരണത്തിലായിരുന്നു.സംഘകാലത് കേരളത്തിന്റെ രാഷ്ട്രീയ സ്ഥിതി ഇതായിരുന്നു.

അകവും പുറവും

- സാഹിത്യത്തിൻറെ പ്രമേയത്തെ തമിഴ് ലക്ഷണ ഗ്രന്ഥങ്ങൾ അകം പുറം എന്ന് രണ്ടായി വിഭജിച്ചിരുന്നു.
- അകപ്പൊരുളിനു വിഷയമാകുന്നത് ഇൻപ (കാമം) ആണ് .ധർമ്മം,അർഥം, മോക്ഷം, എന്നിവ പുറപൊരുളിനും വിഷയമാകുന്നു.
- എട്ടുത്തൊകൈയിൽ ഉൾപ്പെട്ട നറ്റിണൈ , കുറുംതോകൈ, ഐങ്കുറുനൂറ്, കലിത്തൊകൈ , അകനാനൂറ് ,എന്നെ അഞ്ചുസമാഹാരങ്ങളും അകം പൊരുളിൽ ഉൾപെടുന്നവയാണ് . പുറനാനൂറ് , പതിറ്റിപത്തു എന്നെ രണ്ട് സമാഹാരങ്ങൾക്കും വിഷയം പുറം പൊരുളാൻ .
- പരിപാടൽ എന്ന സമാഹാരത്തിൽ മാത്രം രണ്ടു പൊരുളിലും ഉള്പെടുത്താവുന്ന കവിതകൾ ഉണ്ട് .

ഐന്തിണകൾ

- തിണ എന്നാൽ ഭൂപ്രദേശം . ഐന്തിണകൾ എന്നാൽ അഞ്ചുതരത്തിലുള്ള ഭൂപ്രദേശം എന്നർത്ഥം.
- കുറുഞ്ചി - മലമ്പ്രദേശങ്ങളിൽ കാണുന്ന പൂവും (കുറിഞ്ഞി) സൗന്ദര്യ പ്രതീകമായ മുരുകനുമാണ് കുറിഞ്ചി തിണയുടെ ചിഹ്നങ്ങൾ ,
- മുല്ലൈ - മേച്ചിൽ പുറങ്ങളിൽ കാണുന്ന മുല്ലപ്പൂവും ഇടയദേവതയായ മായോനുമാണ് മുല്ലൈ തിണയുടെ ചിഹ്നങ്ങൾ.
- പാലൈ - പാലൈതിണയുടെ ചിഹ്നം പച്ചനിറമാർന്ന വൃക്ഷമാണ്. സ്ഥലം ഊഷരഭൂമിയാണ്. കൊറ്റവൈ എന്ന രണദേവതയാണ് പാലൈ തിണ്ണയുടേത്.
- മരുതം - ജലാശയങ്ങളോടു ചേർന്നു കാണുന്ന ചെമ്പൂക്കൾ ഉള്ള വൃക്ഷവും മഴയുടെ ദേവനായ വേന്തനുമാണ് മരുതം തിണയുടെ ചിഹ്നങ്ങൾ.

- നെയ്തൽ - ആമ്പലും വരുണനുമാണ് നെയ്തൽ തിണയുടെ ചിഹ്നങ്ങൾ. സ്ഥലം ചതുപ്പ് പ്രദേശം.

<u>കളവും കറുപ്പും</u>

- nസംഘകാലത്തെ രണ്ട് ജീവിത സാഹചര്യങ്ങൾ ആണ് കളവും കറുപ്പും .
- വിവാഹ പൂർവ പ്രേമമാണ് കളവ്.
- വിവാഹാനന്തര പ്രേമം കറുപ്പും ആണ്.

<u>സംഘകാലത്തെ സാമൂഹിക ജീവിതം</u>

- സർവത്രഭദ്രമായ ഒരു സംസ്കാരത്തതിന്റെ വികാസതിനാവശ്യമായ അടിത്തറ സംഘകാലത്തു നിലനിന്നിരുന്നു .
- ജനങ്ങൾ സാമൂഹ്യമായ കൂട്ടായ്മകൂട്ടായ്മയിൽ സ്വാതന്ത്ര്യവും സമത്വവും അനുഭവിച്ചിരുന്നു.
- പാണർ , കുറവർ , വേടർ , തുടങ്ങിയ സമുദായങ്ങളെ രാജാക്കാന്മാരും പ്രഭുക്കന്മാരും ബഹുമാനിച്ചിരുന്നു .
- സാമൂഹിക ജീവിതത്തിൽ സ്ത്രീകൾക്കും ഉന്നത പദവി നൽകിയിരുന്നു .
- എ ഡി അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അവയ്യാർ സ്ത്രീസമൂഹത്തിന്റെ ഉന്നതി വിളംബരം ചെയുന്നു .
- വിധവ വിവാഹവും അനുവദിച്ചിരുന്നു.

<u>തൊഴിലും വിനോദവും</u>

- സ്ത്രീകൾക്കും ഇഷ്ടപെടുന്ന തൊഴിൽ ചെയ്യാൻ അവസരം ഉണ്ടായിരുന്നു . തുന്നൽപ്പണി ,മീൻ, ഉപ്പ്, മുതലായവയുടെ കച്ചവടം , വീട്ടുവേലകൾ ഇങ്ങനെ പല തൊഴിലും ചെയ്തിരുന്നു .
- സംഗീതം ,നൃത്തം , കവിത , തുടങ്ങിയവ വിനോദത്തിന് ഉപയോഗിച്ചിരുന്നു .
- ആഘോഷവേളകളിൽ സ്ത്രീപുരുഷന്മാർ ഒന്നിച്ചുള്ള നൃത്തം നടത്തിയിരുന്നു.
- കൊറ്റവൈ എന്ന സമരദേവതയായിരുന്നു ആരാധനാമൂർത്തി.

<u>കൃഷിയും വാണിജ്യവും</u>

- ക്രിസ്തുവർഷാരംഭത്തിൽ കേരളം സാമ്പത്തിക മികവ് നേടിയിരുന്നു.
- ജനങ്ങളുടെ പ്രധാന ജീവിതവൃത്തി കൃഷിയായിരുന്നു .

- സംഘകാലത്തു കേരളം വിദേശ രാജ്യങ്ങളുമായി കുരുമുളക്, സുഗന്ധവസ്തുക്കൾ , ഇവയുടെ വ്യാപാരം നടത്തിയിരുന്നു .
- കാർഷികോല്പന്നങ്ങൾക്കു പുറമെ മുത്തുകൾ,പവിഴം, ദന്തം, മുതലായവയും കയറ്റി അയച്ചിരുന്നു.

## 4. കേരളത്തിന്റെ വാണിജ്യബന്ധങ്ങൾ

- അറേബ്യാ,അസ്സീറിയ ,ബാബിലോണിയ , ഗ്രീസ്, ചൈന തുടങ്ങിയ രാജ്യങ്ങളുമായി കേരളത്തി വ്യാപാര ബന്ധം ഉണ്ടായിരുന്നു .
- സുഗന്ധ വ്യഞ്ജനം തേടി വന്ന ഇവരുടെ പിന്നാലെ ക്രിസ്തുമതവും യഹൂദമതവും ഇസ്ലാം മാധവും വന്നു.
- സർവ്വലൗകീകമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചു.
- പുരോഹിതാശ്രമങ്ങൾ , കന്യാസ്ത്രീ മഠങ്ങൾ , ബ്രഹ്മചര്യം , കുമ്പസാരം , മുണ്ഡനം , ജപമാല,തുടങ്ങിയ സമ്പ്ര ദായങ്ങൾ അവർ ഇവിടെ നിന്നും പകർത്തി .
- വാസ്തുവിദ്യാ, കലകൾ ക്രൈസ്തവ ദർശനങ്ങളും ഭാരതീയരും സ്വീകരിച്ചു . ഇത് ആദ്യകാല വിദേശ ബന്ധത്തിന്റെ ഫലമായിരുന്നു .

<u>സുഗന്ധവ്യഞ്ജന വ്യാപാരം</u>

- വിദേശികളെ ആകർഷിച്ച കേരളത്തിന്റെ പൊന്നായിരുന്നു സുഗന്ധവ്യഞ്ജനങ്ങൾ.
- ബി സി 3000 മുതൽ അറേബ്യാ, അസ്സീറിയ ,ബാബിലോണിയ തുടങ്ങിയ രാജ്യക്കാർ ഇവിടെ നിന്ന് ഏലവും കറുവപ്പട്ടയും മറ്റും വാങ്ങിയിരുന്നു .
- ഈജിപ്തുകാർക്കും കേരളമായി വ്യാപാരത്തിൽ ബന്ധമുണ്ടായിരുന്നു.
- അറബികളാണ് സുഗന്ധവ്യഞ്ജന വ്യാപാരത്തിന് ഇന്ത്യയിൽ എത്തിയത് . സിന്ധുനദീതട സംസ്കാരം തൊട്ട് ഈ ബന്ധം നിലനിന്നിരുന്നു.
- കേരളത്തിലെ സുഗന്ധ വസ്തുക്കളുടെ ഔഷധ ഗുണം അവർ കണ്ടെത്തിയിരുന്നു.
- സിബിഞ്ചർ എന്ന ഗ്രീക്ക് പദം ഇവിടുത്തെ ഇഞ്ചി എന്ന പദത്തിൽ നിന്നും രൂപം കൊണ്ടതാണ്.

## 5. വർത്തക സംഘങ്ങൾ

അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയർ ,ഇവ മൂന്നുമാണ് കേരളത്തിൽ ഉണ്ടായ പ്രധാന വർത്തക സംഘങ്ങൾ അതായത് കച്ചവട സംഘങ്ങൾ .

<u>അഞ്ചുവണ്ണം</u>

- ക്രിസ്തബ്ദം 8-ആം നൂറ്റാണ്ടോടടുപ്പിച്ച് തെക്കേ ഇന്ത്യയിലെ വ്യാപാരക്കുത്തക അടക്കിവെച്ചിരുന്ന ജൂതസംഘമാണ് അഞ്ചുവണ്ണം.
- വേണാട്ടു രാജാവായ അയ്യനടികൾ തിരുവടികൾ കൊല്ലത്തെ തരിസാപ്പള്ളിക്ക് ക്രി.വ 849-ൽ കൊടുത്ത ശാസനത്തിലാണ് ഇവരെക്കുറിച്ചുള്ള ആദ്യ പരാമർശമുള്ളത്.

- രാജ്യത്തെ ഉദയോഗസ്ഥപ്രമുഖരുടെയും അഞ്ചുവണ്ണം, മണിഗ്രാമം എന്നീ കച്ചവടസംഘങ്ങളുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിലാണ് തരിസാപ്പള്ളി ശാസനം ചമച്ചത്.
- ഭാസ്കരരവിവർമ്മൻ ഒന്നാമന്റെ (962-1019) ജൂതശാസനത്തിൽ (1000) ജോസഫ് റബ്ബാൻ എന്ന ജൂതപ്രമാണിക്ക് ചുങ്കവും മറ്റും പിരിക്കുക, പല്ലക്കേറുക തുടങ്ങി എഴുപത്തിരണ്ടു സ്ഥാനമാനങ്ങളോടെ അഞ്ചുവണ്ണം പിന്തുടർച്ചാവകാശമായി നൽകുന്നതായി പറയുന്നു.
- വീരരാഘവപട്ടയത്തിലും ഈ സംഘത്തെക്കുറിച്ച് സൂചനയുണ്ട്. അറുനൂറ്റവർ എന്ന നാട്ടുകൂട്ടത്തിൽ ഇവർ പ്രമാണികളായിരുന്നു.
- കൊല്ലം നഗരത്തിന്റെ സംരക്ഷണച്ചുമതല അഞ്ചുവണ്ണക്കാർക്കുണ്ടായിരുന്നു. കൊല്ലത്തിന്റെ സാമ്പത്തികപുരോഗതിക്ക് വിലപ്പെട്ട സംഭാവനകൾ ഇവർ നൽകിയതായി ചരിത്രരേഖകളിൽനിന്ന് വ്യക്തമാണ്.
- പയ്യന്നൂർപ്പാട്ടിൽ അഞ്ചുവണ്ണക്കാരെക്കുറിച്ചുള്ള പരാമർശമുള്ളതിനാൽ ഉത്തരകേരളത്തിലും ഈ വണിക്കുസംഘം പ്രചരിച്ചിരുന്നതായി മനസ്സിലാക്കാം.
- കൊല്ലം തന്നെ ആസ്ഥാനമായി പ്രവർത്തിച്ച മറ്റൊരു കച്ചവടസംഘമായിരുന്നു മണിഗ്രാമം.
- നാലു വർണ്ണങ്ങൾക്കു പുറത്തുള്ള ജൂതരെ കുറിക്കുന്നതാകാം അഞ്ചുവണ്ണം എന്ന സംജ്ഞ. അഥവാ, അഞ്ചു വർണ്ണക്കാർ ചേർന്ന സംഘമോ അഞ്ചുതരം ചരക്കുകൾ വിൽക്കുന്ന സംഘമോ ആകാം.
- നെയ്ത്തുകാർ എന്ന അർത്ഥത്തിൽ 'അഞ്ചുവണ്ണത്താർ' എന്നു തമിഴിൽ പ്രയോഗമുണ്ട്. അതിനാൽ തുണിക്കച്ചവടവുമായി ഇവർക്ക് ബന്ധമുണ്ടെന്നുവരാം.

<u>മണിഗ്രാമം</u>

- കൊല്ലം ആസ്ഥാനമായി പ്രവർത്തിച്ച പഴയ ദ്രാവിഡകച്ചവടസംഘമാണ് മണിഗ്രാമം. ഇവർ നായർ ജാതിക്കാരായിരുന്നെന്നും ക്രിസ്ത്യാനികളായിരുന്നെന്നും ഒക്കെ വാദമുണ്ട്.
- മാണിക്കവാചകരുടെ കാലത്ത് മതം മാറി ചോളദേശത്തുനിന്ന് വന്നതാണെന്നും. 64 ഗ്രാമങ്ങൾ എന്നപോലെ സിറിയൻ ക്രിസ്ത്യാനികൾക്ക് പെരുമാൾ കല്പിച്ചുനൽകിയ പദവിയാണ് മണിഗ്രാമമെന്നും വാദമുണ്ട്. 8 - ആം നൂറ്റാണ്ടു മുതൽ 15-ആം നൂറ്റാണ്ടുവരെ കേരളത്തിൽ വ്യാപാരരംഗത്ത് ഇവർ ആധിപത്യമുറപ്പിച്ചിരുന്നു.
- കച്ചവടരംഗത്ത് തുല്യപ്രാധാന്യത്തോടെ നിലനിന്ന മറ്റൊരു സംഘമാണ് അഞ്ചുവണ്ണം. രാജാക്കന്മാരുടെ സംരക്ഷണം ഈ കച്ചവടസംഘങ്ങൾക്കുണ്ടായിരുന്നു.
- തരിസാപ്പള്ളി ശാസനം ഈ സംഘങ്ങളുടെ സാന്നിദ്ധ്യത്തിലാണ് നൽകപ്പെട്ടത്. മണിഗ്രാമത്തിൽപ്പെട്ട ചാത്തൻവടുകൻ, ജവി ചാത്തൻ എന്നീ ക്രിസ്ത്യൻ കച്ചവടക്കാർക്ക് ചില അവകാശങ്ങൾ നൽകിയതിന്റെ രേഖയാണ് വീരരാഘവപട്ടയം.
- 1028-43-ൽ ചേരരാജാവായിരുന്ന രാജസിംഹന്റെ തലൈക്കാട്ടുപള്ളി ശാസനത്തിലും മണിഗ്രാമക്കാർ പരാമൃഷ്ടരാണ്. ചില നികുതികളിൽനിന്ന് മണിഗ്രാമക്കാരെ ഒഴിവാക്കിയിരുന്നു.

- ലോഗൻ  , ഗുണ്ടർട്ട്, സുലൈമാൻ തുടങ്ങിയവർ മണിഗ്രാമത്തെ പരാമർശിക്കുന്നുണ്ട്. ക്രിസ്ത്യൻ കുടിയേറ്റക്കാരായിരുന്നു ഇവർ എന്ന് ലോഗൻ.
- പയ്യന്നൂർപ്പാട്ടിൽ മണിഗ്രാമക്കാരെ സൂചിപ്പിച്ചിരിക്കുന്നത് ചൂണ്ടി ഏഴിമലയ്ക്കു വടക്കും അഞ്ചുവണ്ണം-മണിഗ്രാമം തുടങ്ങിയ സംഘങ്ങളുടെ പ്രചാരമുണ്ടായിരുന്നതായി ഗുണ്ടർട്ട് പറയുന്നു.
- വണിക്കുഗ്രാമമാണ് മണിഗ്രാമമായതെന്ന് നച്ചിനാർകിയർ പരാമർശിക്കുന്നു. ഇവർ രത്നവ്യാപാരികളുടെ സംഘമായിരുന്നതിലാണ് ഈ പേർ എന്ന് മറ്റു ചിലർ.

## 6. കേരളത്തിൽ വന്നുപോയ സഞ്ചാരികൾ

കേരളം എന്തുകൊണ്ടും ദൈവത്തിന്റെ സ്വന്തം നാടായതിനാൽ കേരളത്തിൽ കച്ചവടത്തിനും മതത്തിനും വേണ്ടി മാത്രമല്ല സഞ്ചാരത്തിനും ആളുകൾ എത്തിയിരുന്നു.

അലക്സാണ്ടർ ഹാമിൽട്ടൺ

- 1688 മുതൽ 1723 വരെ ഭാരതത്തിലും സമീപപ്രദേശങ്ങളിലും പര്യടനം നടത്തിയ സ്കോട്ടിഷ് ഇംഗ്ലീഷുകാരനാണ് അലക്സാണ്ടർ ഹാമിൽടൺ അഥവാ കാപ്റ്റൻ ഹാമിൽടൺ.
- തന്റെ യാത്രാനുഭവങ്ങൾ എ ന്യൂ അക്കൗണ്ട് ഓഫ് ദ ഈസ്റ്റ് ഇൻഡീസ് (A New Account of The East Indies) എന്ന ഗ്രന്ഥ രൂപത്തിൽ അദ്ദേഹം പ്രസിദ്ധീകരിച്ചു.
- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുവേണ്ടിയും സ്വന്തമായും അദ്ദേഹം പര്യടനങ്ങൾ നടത്തി. അദ്ദേഹത്തിന്റെ പുസ്തകം അന്നാളുകളിൽ ഇംഗ്ലീഷുകാരും തദ്ദേശീയരായ സ്ത്രീകളും തമ്മിലുണ്ടായിരുന്ന വിവാഹ ഉടമ്പടികളെ വരച്ചുകാട്ടുന്നുണ്ട്.
- ഈ ഗ്രന്ഥത്തിന് 32 അദ്ധ്യായങ്ങൾ ഉണ്ട്.

ഇബ്ൻ ബത്തൂത്ത

- അബു അബ്ദുള്ള മുഹമ്മദ് ഇബ്ൻ ബത്തൂത്ത (ഫെബ്രുവരി 24 1304 -1375) മൊറോക്കോയിലെ ടാൻജിയർ എന്ന നഗരത്തിൽ സാധാരണക്കാരനായി പിറന്നു.
- സുന്നി ഇസ്ലാമിക നിയമപണ്ഡിതനായിരുന്ന ഇബ്ൻ ബത്തൂത്ത സൂഫി, ന്യായാധിപൻ എന്നീ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചിരുന്നുവെങ്കിലും പ്രസിദ്ധനായ ഒരു സഞ്ചാരിയായാണ് അദ്ദേഹം അറിയപ്പെടുന്നത്.
- ഇബ്ൻ ബത്തൂത്ത തന്റെ മുപ്പതു വർഷത്തെ സഞ്ചാരങ്ങൾക്കിടെ ഏകദേശം 1,17,000 കി.മി. (73000 മൈൽ) യാത്ര ചെയ്തു. ഈ യാത്രകളിൽ അക്കാലത്തെ എല്ലാ ഇസ്ലാമികരാജ്യങ്ങളും, ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വടക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങൾ, കിഴക്കൻ യൂറോപ്പ്, പശ്ചിമേഷ്യൻ രാജ്യങ്ങൾ, ഇന്ത്യൻ ഉപഭൂഖണ്ഡം, മദ്ധ്യേഷ്യ, ദക്ഷിണപൂർവേഷ്യ, ചൈന തുടങ്ങിയ പ്രദേശങ്ങളിൽ സഞ്ചരിച്ച ഇബ്ൻ ബത്തൂത്ത സമകാലീനനായ മാർക്കോ പോളോ സഞ്ചരിച്ചതിലും കൂടുതൽ ദൂരം യാത്ര ചെയ്തു.

- ഇബ്നു ബത്തൂത്തയുടെ സഞ്ചാരങ്ങളുടെ പ്രേരകമായി ചൂണ്ടി കാട്ടപ്പെടുന്നത് ശാദുലിയ്യ സൂഫി മാർഗ്ഗത്തിലെ വഴികാട്ടി ബുർഹാൻ ഉദ്ദീൻ എന്ന സന്യാസിയിലേക്കാണ്.

<u>മാർക്കോ പോളോ</u>

- പതിമൂന്നാം നൂറ്റാണ്ടിൽ കപ്പലിൽ ലോകം ചുറ്റിയ വെനീസുകാരനായ കപ്പൽ സഞ്ചാരിയായിരുന്നു മാർക്കോ പോളോ.
- വെനീസിലെ ഒരു വ്യാപാരിയായിരുന്ന അദ്ദേഹത്തിന്റെ യാത്രാക്കുറിപ്പുകൾ ലോകചരിത്രത്തിലെത്തന്നെ വിലമതിക്കാനാവാത്ത രേഖകൾ ആണിന്ന്. എന്നാൽ അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് അദ്ദേഹം എഴുതിയ വിവരണങ്ങൾ എല്ലാം ഭാവനാ സൃഷ്ടികളാണെന്നും മറ്റുമാണ് അന്നുവരെ മറ്റു ലോകങ്ങൾ കാണാത്ത യൂറോപ്യന്മാർ കരുതിയിരുന്നത്.
- യൂറോപ്യന്മാർക്കിടയിൽ അദ്ദേഹത്തിന്റെ പേർ വളരെക്കാലം നുണയൻ എന്ന വാക്കിനു് പര്യായമായി ഉപയോഗിക്കപ്പെട്ടിരുന്നു.
- യൂറോപ്യൻ സംസ്കാരത്തേക്കാൾ പഴക്കമേറിയതും പരിഷ്കൃതമായതും അതിനേക്കാൾ സമ്പത്തുള്ളതുമായ മറ്റൊരു ലോകത്തെക്കുറിച്ചും അവർക്കു് ഒരിക്കലും പ്രാപ്യമല്ലാത്ത സൈനികശക്തിയെക്കുറിച്ചും കപ്പലുകളെക്കുറിച്ചും മറ്റും അദ്ദേഹം വിവരിച്ചത് വെറും ഭാവനാസൃഷ്ടിയാണെന്ന് അവർക്കു തോന്നി.
- അവരുടെ ധാരണകൾക്കും യാഥാർത്ഥ്യങ്ങൾക്കും ഇടയിൽ അത്രയ്ക്കും ഭീമമായ വ്യത്യാസം അന്ന് നിലനിന്നിരുന്നു എന്ന് അനുമാനിക്കാൻ അദ്ദേഹത്തിന്റെ യാത്രക്കുറിപ്പുകൾ ഇന്നു നമ്മെ സഹായിക്കുന്നു.
- ഇതൊക്കെയാണെങ്കിലും, അജ്ഞാതലോകങ്ങളിൽ എത്തിപ്പെട്ട് അവിടത്തെ സമ്പത്തും ശക്തിയും കയ്യടക്കാൻ വേണ്ടിയുള്ള യൂറോപ്യൻ പര്യവേക്ഷണങ്ങളുടെ ഒരു പരമ്പര തന്നെ തുടങ്ങിവെക്കാൻ മാർക്കോ പോളോയുടെ സഞ്ചാരകഥകൾ പ്രേരകമായി.
- ഇന്ത്യ അന്വേഷിച്ച് അമേരിക്കൻ വൻകരയിൽ എത്തിപ്പെട്ട കൊളംബസ്, മാർക്കോ പോളോയുടെ സഞ്ചാരക്കുറിപ്പുകളുടെ ഒരു പ്രതി സഹായഗ്രന്ഥമായി കൈവശം കരുതിയിരുന്നുവത്രെ.

<u>വാസ്കോ ഡ ഗാമ</u>

- സമുദ്രമാർഗ്ഗം ഇന്ത്യയിൽ ആദ്യമായി എത്തിയ യൂറോപ്യൻ സഞ്ചാരിയാണ് വാസ്കോ ഡ ഗാമ (1460/1469 - ഡിസംബർ 24, 1524, 1498-ൽ ഇന്ത്യയിലേക്ക് ആഫ്രിക്കൻ വൻകര ചുറ്റിക്കൊണ്ട് പുതിയ സമുദ്രമാർഗ്ഗം കണ്ടെത്തിയത് ഈ പോർച്ചുഗീസ് നാവികനാണ്.
- കോഴിക്കോടിനടുത്തുള്ള കാപ്പാട് ആണ് ഇദ്ദേഹം ആദ്യം എത്തിയത്. ദീർഘകാലം യൂറോപ്യന്മാർക്ക് അപ്രാപ്യമായിരുന്നു ഇന്ത്യ.
- 1488-ൽ ബർത്തലോമിയോ ഡയസ് എന്ന കപ്പിത്താൻ ഗുഡ് ഹോപ്പ് മുനമ്പ് കണ്ടെത്തിയ ശേഷം 1498-ൽ ഇന്ത്യയിലേക്കുള്ള കപ്പൽ മാർഗ്ഗം വഴി ആദ്യമായി എത്തിയത് ഗാമയാണ്.

- അദ്ദേഹത്തെ മാനുവൽ ഒന്നാമൻ രാജാവ് കൊൻഡേസ് ഡ വിദിഗ്വിര എന്ന പദവി നൽകി ആദരിച്ചു. രാജകീയ രക്തത്തിൽ പിറക്കാത്ത ആദ്യത്തെ പ്രഭു കുടുംബം അദ്ദേഹത്തിന്റേതായിത്തിർന്നു.

<u>വില്ല്യം ലോഗൻ</u>

- ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയിൽ ഭരണപരിഷ്ക്കാരവും കാർഷികനിയമസംവിധാനവും സമുദായമൈത്രിയും കൈവരുന്നതിനനായി അത്യദ്ധ്വാനം ചെയ്ത പ്രഗൽഭനായ ഭരണാധികാരിയും ന്യായാധിപനുമായിരുന്നു വില്ല്യം ലോഗൻ.
- മലബാറിന്റെ കളക്ടറായിരുന്നുകൊണ്ട് തദ്ദേശവാസികളുടെ പ്രശ്നങ്ങൾ പഠിക്കാനും അവയ്ക്ക് പരിഹാരം കാട്ടാനും വില്യം ലോഗൻ പ്രകടമാക്കിയ താൽപര്യം മലബാർ മാനുവൽ എന്ന ഗ്രന്ഥത്തിന്റെ രൂപത്തിൽ കേരളചരിത്രത്തിൽ ആ ബ്രിട്ടീഷുകാരനു സവിശേഷമായൊരു സ്ഥാനം നേടികൊടുത്തു.

**7. പ്രാചീന കേരളത്തിലെ വിദ്യഭ്യാസ രീതി**

ബുദ്ധവിഹാരങ്ങളോടനുബന്ധിച്ച് ബുദ്ധഭിക്ഷുക്കൾ അക്കാലത്ത് വിദ്യാലയങ്ങൾ (പള്ളികള്) നടത്തിയിരുന്നു. എഴുത്തുവിദ്യ ഇവിടെ പ്രചരിപ്പിച്ചതും ബുദ്ധഭിക്ഷുക്കൾ തന്നെയായിരുന്നു. ബ്രാഹ്മി എഴുത്തുവിദ്യ ഇവരുടെ സംഭാവനയാണെന്ന് കരുതുന്നു. എന്നാല് വൈദികമതത്തിന്റെ പ്രഭാവകാലത്തോടുകൂടി വിദ്യാഭ്യാസം ഒരു വിഭാഗത്തിന്റെ മാത്രം കുത്തകയായിത്തീർന്നു.

<u>ഗുരുകുലവിദ്യാഭ്യാസം</u>

- ബ്രാഹ്മണരർക്ക് കേരളത്തിൽ ആധിപത്യം ലഭിക്കുന്നതിന് മുമ്പ് ബുദ്ധമതക്കാരുടെ നേതൃത്വത്തിൽ കേരളത്തിലെ ഗ്രാമങ്ങൾതോറും വിദ്യാലയങ്ങൾ നടത്തപ്പെട്ടിരുന്നു.
- പള്ളികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ബുദ്ധവിഹാരങ്ങൾ വിദ്യാലയങ്ങൾ കൂടിയായിരുന്നു. വിദ്യാവ്യാപനത്തിൽ ബുദ്ധമതം നടത്തിയ യത്നങ്ങളുടെ ഫലമായി ഉത്തരേന്ത്യയിൽ ബ്രാഹ്മണക്ഷത്രിയാദികളുടെ ഇടയിൽ മാത്രം ഒതുങ്ങിനിന്ന വിദ്യാഭ്യാസസമ്പ്രദായം സാമാന്യജനങ്ങൾക്ക് പ്രയോജനകരമാകത്തക്കവണ്ണം ക്രമീകരിക്കപ്പെട്ടു.
- എന്നാൽ ബുദ്ധമതത്തിന്റെ തിരോധാനവും ബ്രാഹ്മണമതത്തിന്റെ വികാസവും സ്ഥിതിഗതികളിൽ മാറ്റംവരുത്തി. തിരുവഞ്ചിക്കുളം അഥവാ വഞ്ചി തലസ്ഥാനമാക്കിക്കൊണ്ട് ഭരണം നടത്തിവന്ന ഇമയവരമ്പന് നെടുംചേരലാതന്റെ മകൻ ഇളങ്കോ അടികളുടെ രക്ഷാധികാരത്തിൽ തൃക്കണ്ണാമതിലകത്ത് ഒരു സർവ്വകലാശാല തന്നെ ഉണ്ടായിരുന്നു.
- തൈകൈലനാഥോദയം ചമ്പുവിലും ശിവവിലാസം കാവ്യത്തിലും ശുകസന്ദേശത്തിലും ഈ സർവ്വകലാശാലയെപ്പറ്റിയുള്ള പരാമർശങ്ങൾ ഉണ്ട് .

- ഇതേ കാലഘട്ടത്തിൽ പ്രത്യേക വിഷയങ്ങളിൽ ഉപരിവിദ്യാഭ്യാസം നല്കിവന്ന മറ്റു രണ്ടു പ്രശസ്തകേന്ദ്രങ്ങളായിരുന്ന കൊടുങ്ങല്ലൂർ കോവിലകവും പയ്യൂർമനയും. കൂടാതെ തൃശൂർ , കുമ്പളം, ഇരിങ്ങാലക്കുട, പെരുവനം, ചൊവ്വണ്ണൂര് എന്നിവടിങ്ങളിലെ സഭാമഠങ്ങളും അക്കാലത്തെ പ്രശസ്ത വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നു.

<u>സഭാമഠങ്ങൾ</u>

- വേദപാഠശാലകളിൽ നിന്നു വ്യത്യസ്തമായിരുന്നു സഭാമഠങ്ങളിലെ വിദ്യാഭ്യാസരീതി. കർമികൾക്കുവേണ്ടി ശ്രൗതസ്മാർത്ത വിദ്യാഭ്യാസമാണ് അവിടെ നല്കിയിരുന്നത്.
- വേദപാഠശാലകളിൽ നിന്നു വ്യത്യസ്തമായിരുന്നു സഭാമഠങ്ങളിലെ വിദ്യാഭ്യാസരീതി. കർമികൾക്കുവേണ്ടി ശ്രൗതസ്മാർത്ത വിദ്യാഭ്യാസമാണ് അവിടെ നല്കിയിരുന്നത്.
- കേരളത്തിൽ ആകെ പതിനെട്ടു സഭാമഠങ്ങൾ ഉണ്ടായിരുന്നതായി രേഖകൾ ഉണ്ട്. ഇവയിൽ ആറെണ്ണം ഭാട്ടമതത്തിനും ആറ് പ്രാഭാകാരത്തിനും മൂന്ന് വേദാന്തത്തിനും മൂന്ന് വ്യാകരണത്തിനുമായിരുന്നുവെന്നും കാണുന്നു. ഈ സഭാമഠങ്ങളിൽ വിവിധ ശാസ്ത്രങ്ങളോടൊപ്പം ആയുധവിദ്യയും പഠിപ്പിച്ചിരുന്നു.
- തിരുനാവായ, ചൊവ്വണ്ണൂർ, കടവല്ലൂർ തൃശൂർതെക്കേമഠം, ഇടയിൽമഠം, നടുവിൽമഠം, തൃക്കണ്ണാമതിലകം മുതലായവ വളരെ പ്രസിദ്ധങ്ങളായ മഠങ്ങളായിരുന്നു.
- തക്ഷശിലയിലേതുപോലെ കേരളത്തിലെ സഭാമഠങ്ങളിലും 16 വയസ്സു പൂർത്തിയായവർക്ക് മാത്രമേ പ്രവേശനം നല്കിയിരുന്നുള്ളൂ. ഒരു വിദ്യാർത്ഥി ഏറ്റവും കുറഞ്ഞത് 12 വർഷമെങ്കിലും ഒരു മഠത്തിൽ താമസിച്ചു പഠിച്ചിരിക്കണം എന്നതായിരുന്നു വ്യവസ്ഥ.
- വിദ്യാഭ്യാസകാലഘട്ടത്തിലെ ചെലവുകൾ മുഴുവനും അതത് മഠങ്ങൾ തന്നെയാണു വഹിച്ചിരുന്നത്. ഓരോ ബ്രാഹ്മണകുടുംബവും അതിന്റെ സ്വത്തിൽ നിന്നും ഒരു ഓഹരി അതതു മഠത്തിലേക്കു സംഭാവന നൽകണമായിരുന്നു.
- വേദാർത്ഥനിരൂപണം , വേദാന്തവിഷയങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദം, ശിക്ഷ, കല്പം, വ്യാകരണം, ഛന്ദസ്സ്. നിരുക്തം, ജ്യോതിഷം, തർക്കം , വേദാന്തം, മീമാംസ എന്നിവയായിരുന്നു സഭാമഠങ്ങളിലെ പ്രധാനപഠനവിഷയങ്ങൾ.

<u>ക്ഷേത്രകലാശാലകൾ</u>

- <u>കൊല്ലവർഷത്തിന്റെ ആദിശതകങ്ങളിൽ പ്രസിദ്ധിയാർജിച്ചിരുന്ന കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസകേന്ദ്രങ്ങളാണ് മൂഴിക്കുളംശാല , തിരുവല്ലാശാല, കാന്തളൂർശാല, പാർഥിവപുരംശാല, ശ്രീവല്ലഭപ്പെരുഞ്ചാല തുടങ്ങിയ ക്ഷേത്രകലാശാലകൾ .</u>
- <u>ഇവയിൽ പാർത്ഥിവപുരംശാല മലയാളബ്രാഹ്മണർക്കുമാത്രം വേണ്ടി സ്ഥാപിതമായതാണെന്നതിനു തെളിവുകൾ ഉണ്ട്.</u>

## 8. പ്രാചീന കേരളത്തിലെ മതങ്ങൾ

ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ, ജൈനമതം, ബുദ്ധമതം എന്നിവയാണ് കേരളത്തിലെ പ്രധാന മതങ്ങൾ. 2011-ലെ കാനേഷുമാരി കണക്ക് പ്രകാരം കേരളത്തിൽ 54.73% ഹിന്ദുക്കളും, 26.56% മുസ്ലിങ്ങളും, 18.38% ക്രിസ്ത്യാനികളുമുണ്ട്. ശേഷിച്ചവർ സിഖ്, ജൈന, ജൂത വിഭാഗങ്ങളിൽപ്പെടുന്നു.

<u>ജൈനമതം</u>

- ക്രിസ്തുമതവരവിനുമുമ്പുതന്നെ കേരളത്തിൽ ജൈനമതം തുടർച്ചയായി നിലനിന്നിരുന്നു. ഇന്ന് കേരളത്തിലെ ജൈനമതസ്ഥരുടെ എണ്ണം വളരെക്കുറവാണ്.
- പ്രധാനമായും ഇവർ പുരാതന ജൈനമതത്തിന്റെ തുടർച്ചയായ അനുയായികളോ കേരളത്തിനു പുറത്തുനിന്നും വ്യാപാരത്തിനായിട്ടും മറ്റും വന്ന ജൈനമതാനുയായികളോ ആണ്.
- ചന്ദ്രഗുപ്തമൗര്യനുശേഷം (ബി. സി. ഇ) മൂന്നാം നൂറ്റാണ്ടിലാണ് കേരളത്തിലേയ്ക്ക് ജൈനമതം എത്തിയത്.
- ആ സമയത്ത് ജൈനസന്യാസിയായിരുന്ന, ഭദ്രബാഹു മൈസൂറിനടുത്തുള്ള ശ്രാവണബെലഗൊളയിലേയ്ക്കു പോയി. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലർ ധ്യാനത്തിനുള്ള അനുയോജ്യമായ സ്ഥലമന്വേഷിച്ച്, കർണ്ണാടകത്തിനും കൂടുതൽ തെക്കുള്ള കേരളം, തമിഴ്നാട് എന്നിവിടങ്ങളിലേയ്ക്ക് പോയതായി കരുതപ്പെടുന്നു.
- ബി.സി ഒന്നാം നൂറ്റാണ്ടോടെ ജൈനമതം കേരളത്തിൽ ആധിപത്യം ഉറപ്പിച്ചു. ചിലപ്പതികാരം എന്ന തമിഴ് ഇതിഹാസം രചിച്ച കേരളകവിയായ ഇളംകോ അടികൾ രാജകീയ സദസ്സിലെ അറിയപ്പെടുന്ന ജൈനമതാനുയായിയും ആയിരുന്നു.
- അദ്ദേഹം പ്രശസ്തമായ തൃക്കണാമതിലകം എന്ന അന്നത്തെ ജൈനസംസ്കാരം അത്യുന്നതിയിൽ നിന്നിരുന്ന പ്രദേശത്തെ താമസക്കാരനായിരുന്നു.

<u>ബുദ്ധമതം</u>

- ബുദ്ധമതം അതിന്റെ പ്രാരംഭ ദശയിൽത്തന്നെ കേരളത്തിലെത്തിയിരുന്നതായി കരുതുന്നു. ക്രിസ്തുവിന് മുൻപ് ആറാം നൂറ്റാണ്ടിൽ ബുദ്ധസന്യാസികൾ കേരളത്തിലെത്തിയതായി ചരിത്രപരമായ തെളിവുകളുണ്ട്.
- അശോകന്റെയും കേരളത്തിലെ നിരവധി നാട്ടു രാജാക്കന്മാരുടെ ശാസനങ്ങളും സംഘകാലത്തെ നിരവധി കൃതികളും കേരളത്തിലെ ബുദ്ധമതസ്വാധീനം വ്യക്തമാക്കുന്നു. അശോകചക്രവർത്തി നാനാദിക്കിലേക്കും ബുദ്ധമത സന്യാസികളെ അയച്ച കൂട്ടത്തിൽ നേരിട്ടും ശ്രീലങ്കയിൽ നിന്നും ബുദ്ധസന്ന്യാസിമാർ ഇവിടെ എത്തി.
- അശോകൻ ഇന്ത്യ മുഴുവനും കീഴടക്കണമെന്ന് വാഞ്ഛയുള്ള ചക്രവർത്തിയായിരുന്നു. അദ്ദേഹത്തിന്റെ സൈന്യബലത്താലും

കേരളത്തിലെ ചേരരാജാക്കന്മാർ  മതസഹിഷ്ണുതയുള്ളവരായതിനാലും ബുദ്ധമതം രണ്ടു കയ്യും നീട്ടി സ്വീകരിക്കപ്പെടുകയായിരുന്നു.

യഹൂദമതം

- ക്രിസ്ത്യാനികളെപ്പോലെ ജൂതന്മാരും പണ്ടേ കേരളീയ സമുദായത്തിന്റെ ഒരു ഭാഗമായിത്തീർന്നിരുന്നു. അവർ മതപീഡനത്തിൽനിന്നു രക്ഷപ്പെടാൻ എ.ഡി. 68-ൽ കേരളത്തിൽ എത്തിച്ചേർന്നെന്നാണ് പരമ്പരാഗതമായ വിശ്വാസം.
- സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 10,000 ജൂതമതവിശ്വാസികൾ കേരളത്തിൽ വന്നതായും കൊടുങ്ങല്ലൂർ, പാലയൂർ, മാള, പുല്ലൂറ്റ് എന്നിവിടങ്ങളിൽ താമസമുറപ്പിച്ചതായും പറയപ്പെടുന്നു.
- ഇതിനുപോദ്ബലകമായി നേരിട്ട തെളിവുകളൊന്നും ഇല്ലായ്ക്കുകയാൽ ഈ വിശ്വാസത്തിന്റെ സാധുതയെ ചില പണ്ഡിതന്മാർ നിഷേധിച്ചിട്ടുണ്ട്.
- പക്ഷേ, സോളമന്റെ കപ്പലുകൾ വാണിജ്യകാര്യങ്ങൾക്കായി കേരളത്തിൽ വന്നിട്ടുള്ളതുകൊണ്ട് ബി.സി. 1000-ാമാണ്ടിനുമുൻപേ കേരളത്തെക്കുറിച്ച് പ്രാചീനയഹൂദന്മാർക്ക് അറിയുമായിരുന്നു എന്ന കാര്യം തീർച്ചയാണ്. ആകയാൽ ജൂതന്മാർ സ്വന്തം നാട്ടിൽ മതപീഡനത്തെ നേരിടേണ്ടിവന്നപ്പോൾ, രക്ഷാകേന്ദ്രം തേടി കേരളത്തിലേക്കു പുറപ്പെട്ടു എന്നു കരുതുന്നതിൽ അനുപപത്തിയില്ല.
- അവർ എ.ഡി. 1-ാം നൂറ്റാണ്ടിൽത്തന്നെ മുസ്സിരിസ്സിൽ അഥവാ കൊടുങ്ങല്ലൂരിൽവന്ന് ആദ്യത്തെ താവളം ഉറപ്പിച്ചിരിക്കണം. തുടർന്നുള്ള ശതകങ്ങളിൽ ക്രിസ്തുമതത്തിന്റെ പ്രചാരത്തോടെ ജന്മഭൂമിയിൽ കൂടുതൽ മതമർദ്ദനങ്ങൾ അനുഭവിക്കേണ്ടി വന്നപ്പോൾ കൂടുതൽ ജൂതന്മാർ സംഘമായി കേരളത്തിലേക്കു പോന്നിരിക്കാൻ ഇടയുണ്ട്.
- നേരത്തെ പറഞ്ഞ ജൂതകേന്ദ്രങ്ങൾക്കു പുറമെ കൊല്ലം, മാടായി, പന്തലായനിക്കൊല്ലം, ചാവക്കാട് തുടങ്ങിയ പ്രദേശങ്ങളിലും ജൂതന്മാർ വസിച്ചിരുന്നതായി വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽനിന്നും പ്രാദേശിക കഥകളിൽനിന്നും മനസ്സിലാക്കാം.
- കേരളത്തിലെ ജൂതർ അവരുടെ മുൻഗാമികളായിരുന്ന ക്രിസ്ത്യാനികളെപ്പോലെ വമ്പിച്ച സാമ്പത്തികാഭിവൃദ്ധി നേടുകയും രാജാക്കന്മാരിൽനിന്നു വിലപ്പെട്ട വിശേഷാധികാരങ്ങൾ സമ്പാദിക്കുകയും ചെയ്തു.
- ഭാസ്കരരവിവർമ്മ ചക്രവർത്തിയുടെ എ.ഡി. 1000-ാമാണ്ടത്തെ ജൂതശാസനം അദ്ദേഹം ജോസഫ് റബ്ബാൻ എന്ന ജൂതപ്രമാണിക്ക് ഒട്ടധികം അവകാശാധികാരങ്ങൾ ആചന്ദ്രതാരം അനുവദിച്ചുകൊടുത്തതിന്റെ രേഖയാണ്.
- പോർച്ചുഗീസുകാരുടെ ആഗമനംവരെ ജൂതന്മാർക്ക് സമുദായത്തിൽ ബഹുമാന്യസ്ഥാനം ഉണ്ടായിരുന്നു. പോർച്ചുഗീസുകാരാകട്ടെ, അവരെ പീഡിപ്പിക്കുകയും 1565-ൽ കൊടുങ്ങല്ലൂർനിന്നു കൊച്ചിയിൽ മാറിത്താമസിക്കാൻ നിർബന്ധിതരാക്കുകയും ചെയ്തു.
- ഈ കുടിമാറ്റത്തിനിടയ്ക്ക് 1567-ൽ നിർമ്മിച്ചതാണ് മട്ടാഞ്ചേരിയിലെ വെള്ളജൂതന്മാരുടെ പള്ളി. അതിനുശേഷം നൂറ്റാണ്ടുകളായി അവർ മദ്ധ്യ കേരളത്തിലെ ഒരു പ്രധാനപ്പെട്ട വർത്തകസമുദായമായി തുടർന്നു.

ഹിന്ദു മതം

- ഹിന്ദു എന്നാൽ സിന്ധു നദീ തീരം എന്നർത്ഥം. ആയതിനാൽ ഹിന്ദുവെന്നത് സിന്ധു നദീ തീരത്ത് വസിക്കുന്നവൻ എന്നാണർത്ഥം.
- ജനങ്ങൾ അനുഷ്ഠിക്കുന്ന ആചാരങ്ങളും വിശ്വാസങ്ങളും എന്നർത്ഥത്തിലാണ് ഹിന്ദു മതം ആദ്യമായി അറിയപ്പെട്ടിരുന്നത്. ഉറവിടങ്ങളായ ശ്രുതി, സ്മൃതി, വേദങ്ങൾ, പുരാണങ്ങൾ , ഉപനിഷത്തുകൾ, സദാചാര സംഹിതകൾ എന്നിവയാണ്.
- ഇന്ത്യയി 85% ഹിന്ദുക്കളാണ്. മറ്റ് മതങ്ങളെ അപേക്ഷിച്ച് ഏകീകൃത അരാധനാസ്വഭാവമില്ല. വിവിധ വിഭാഗങ്ങളുണ്ടായിരുന്നെങ്കിലും ആര്യന്മാരുടെ അധിനിവേശം വരെ ജാതിതിരിവ് ഇല്ലായിരുന്നു.

ബ്രാഹ്മണർ

- ഇന്ത്യയിൽ കുടിയേറിയ ആര്യന്മാരാണ് ബ്രാഹ്മണർ എന്നു വിശ്വസിക്കുന്നു. എന്നാൽ കേരളത്തിൽ പല സ്ഥലങ്ങളിൽ നിന്നുള്ള ആര്യാധിനിവേശം ഉണ്ടായിട്ടുണ്ട്.
- എങ്കിലും നമ്പൂതിരി എന്നറിയപ്പെടുന്ന കർണ്ണാടകത്തിൽ നിന്നും വന്ന ബ്രാഹ്മണരാണ് നമ്പൂതിരിമാർ .
- ഇവർക്കാണ് ഇതിൽ മേലെത്തട്ട്. ബ്രാഹ്മണരിൽ ഉയർന്നവരെ ആര്യപട്ടന്മാർ എന്നു പറയാറുണ്ട്.

അമ്പലവാസികൾ

- ആറോളം അവാന്തര വിഭാഗങ്ങൾ തന്നെ ഉള്ള ഒരു വിഭാഗമാണിത് ക്ഷേത്രങ്ങളിലെ മാലകെട്ട്, ചെണ്ടകൊട്ട്, അടിച്ചുവാരൽ, ശംഖുവിളിക്കൽ തുടങ്ങി വിവിധ തരം ജോലികളാണ് ഇവർ ചെയ്തു വന്നിരുന്നത്.

വൈശ്യർ

- വർണ്ണവ്യവസ്ഥയിൽ അടുത്ത സ്ഥാനം ഇവർക്കാണ്. തൽമുറകളായി കൃഷി,കച്ചവടം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ്.
- ആര്യാധിനിവേശം ഉണ്ടാവുന്നതിനു മുന്നേ തന്നെ ഇക്കൂട്ടർ ഇവിടെ ഉണ്ടായിരുന്നവരും അവർക്ക് പ്രത്യേക മതങ്ങൾ ഉണ്ടായിരുന്നവരുമാണ്. അതിനാൽ അവരെ വൈശ്യർ ഗണത്തിൽ കണക്കാക്കാൻ സാധിച്ചില്ല.

ഇസ്ലാം മതം

- ക്രിസ്തുവർഷം എഴാം നൂറ്റാണ്ടിൽ, പ്രവാചകൻ മുഹമ്മദ് നബി അറേബ്യയിൽ പ്രചാരണം ആരംഭിച്ച അതേ കാലയളവിൽ തന്നെ കേരളത്തിലും ഇസ്ലാം മതം പ്രചരിച്ചു എന്ന് കരുതാം. *
- എന്നാൽ അതിനുമുന്നേ തന്നെ അറബികളും പേർഷ്യക്കാരും എത്യോപ്യരും കേരളത്തിൽ വേരുറപ്പിച്ചിരുന്നു. കേരളത്തിലെ അവസാന ചേര രാജാവ് ചേരമാൻ പെരുമാൾ ഇസ്ലാം മതം പ്രചരിപ്പിക്കുന്നതിന് സഹായങ്ങൾ ചെയ്തു കൊടുത്തു എന്നു വിശ്വസിക്കുന്നു.
- സാമൂതിരിമാരുടെ കാലത്ത് മുസ്ലീങ്ങൾ നല്ല സ്വാധീനം നേടിയിരുന്നു, അദ്ദേഹത്തിന്റെ പ്രമുഖ സേനാ നായകൻ ആയിരുന്ന കുഞ്ഞാലി മരയ്ക്കാർ മുസ്ലിം ആയിരുന്നു. പ്രവാചകന്റെ കാലത്ത് തന്നെ

ഭിന്നചാരങ്ങളും വിശ്വാസങ്ങളും ഉണ്ടായിരുന്നവർ ഈ മതത്തിലേയ്ക്ക് വരാൻ തുടങ്ങി.

- പ്രവാചകന്റെ മരണാനന്തരം ഖലീഫ സ്ഥാനത്തെ ചൊല്ലിയുണ്ടായ ആശയ ഭിന്നത പിന്നീട് മതത്തിൽ വിഭാഗീയത വളർത്താൻ ഇടയാക്കുകയും "ശിയായിസത്തിന്റെ" രൂപീകരണത്തിനു കാരണമാവുകയും ചെയ്തു. വിവിധ വിഭാഗങ്ങൾ താഴ പറയുന്നു.
- സുന്നി - ശിയാക്കൾ അല്ലാത്തവരെ പൊതുവേ പറയുന്ന പേരാണ് സുന്നി എന്നത്. അഹല് സുന്നത് വൽ ജമാഅത് (പ്രവാചക ചര്യയും, ഭരണ നേത്രത്വവും പിൻപറ്റുന്നവർ) എന്നതിൻറെ ചുരുക്കമാണ് സുന്നി. ഖുർആൻ ആധാരമാക്കി തിരുചര്യകളും വിശ്വസിച്ചുവരുന്നു.
- ഷിയാക്കൾ - മുഹമ്മദ് നബിക്ക് ശേഷം അധികാരം ലഭിക്കേണ്ടത് പ്രവാചക കുടുംബത്തിനു മാത്രം ആണെന്നും അത് അലിക്ക് തന്നെ ആവണമെന്നും ഉള്ള വിശ്വാസം മനസ്സിൽ അടിയുറച്ചു വിശ്വസിക്കുന്നവരാണ് ശിയാക്കൾ. ഇതാണ് ശിയായിസത്തിന്റെ അടിസ്ഥാനം തന്നെ.

ക്രിസ്തുമതം

- സംഘകാലത്ത് തന്നെ കേരളത്തിൽ ക്രിസ്തുമതം പ്രചാരം നേടിയിരുന്നു. ക്രി.വ. 52 ലാണ് ക്രിസ്തുവിന്റെ ശിഷ്യനായിരുന്ന തോമാശ്ലീഹ കേരളത്തിൽ എത്തുന്നത് എന്നു വിശ്വസിക്കപ്പെടുന്നു.
- റോമാക്കാരുടെ പാത അദ്ദേഹം പിന്തുടർന്നു എന്നു കരുതേണ്ടിയിരിക്കുന്നു. യഹൂദന്മാർ ഇവിടെ മുന്നേ തന്നെ വന്നിരുന്നു. അവരായിരിക്കണം തോമാശ്ലീഹയെ ഇങ്ങോട്ട് ആകർഷിച്ചത് എന്ന് കരുതുന്നു.

സഭകൾ

- കത്തോലിക്കാ വിഭാഗങ്ങൾ, ഓർത്തഡൊക്സ് വിഭാഗങ്ങൾ , മറ്റു പൗരസ്ത്യ സഭകൾ, പ്രൊട്ടസ്റ്റന്റ് സഭകൾ എന്നിവയാണ് കേരളത്തിലെ മുഖ്യധാരാ ക്രൈസ്തവ സഭാ വിഭാഗങ്ങൾ.

- കത്തോലിക്കാ സഭാവിഭാഗങ്ങൾ

റോമിലെ മാർപാപ്പ പരമാധ്യക്ഷനായുള്ള കത്തോലിക്കാ സഭയുടെ മൂന്ന് ഘടകങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

- സിറോ-മലബാർ കത്തോലിക്കാ സഭ
- ലത്തീൻ കത്തോലിക്കാ സഭ
- സിറോ-മലങ്കര കത്തോലിക്കാ സഭ

ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ

ഓറിയന്റൽ ഓർത്തഡോക്സ് സഭയുടെ രണ്ട് വിഭാഗങ്ങൾ കേരളത്തിലുണ്ട്.

- യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ
- മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മറ്റ് പൗരസ്ത്യ സഭകൾ

- മലബാർ സ്വതന്ത്ര സുറിയാനി സഭ
- കൽദായ സുറിയാനി സഭ
- മലങ്കര മാർത്തോമ്മാ സുറിയാനി സഭ

### 9. കേരളത്തിലെ ജാതി സമ്പ്രദായം

- ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു വൈകിയാണ് കേരളത്തിൽ ജാതിവ്യവസ്ഥ നിലവിൽ വന്നത്
- . ചേര സാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം നമ്പൂതിരിമാർ സ്വാധീനശക്തിയുള്ളവരായി മാറുകയും തുടർന്ന് ജാതിവ്യവസ്ഥ നിലവിൽ വന്നു എന്നും കരുതപ്പെടുന്നു.
- സവർണ്ണരെന്നും അവർണ്ണരെന്നും ഉള്ള വ്യത്യാസം വർണ്ണത്തെ അടിസ്ഥാനമാക്കിയാണെങ്കിലും അതിലുപരി മറ്റു പല ഒളിഞ്ഞിരിക്കുന്ന വസ്തുതകളും ജാതി നിർണ്ണയത്തിൽ പ്രതിഫലിച്ചുകാണാം.

### 10. ജന്മി സമ്പ്രദായം

ജന്മി

- ജന്മി എന്നത് കെട്ടിടങ്ങളോ, ഭൂമിയോ സ്വന്തമായി ഉണ്ടാകുകയും അത് മറ്റ് ആളുകൾക്ക് പാട്ടത്തിന് ൻൽകുകയും ചെയ്യുന്ന കച്ചവടമനോഭാവമുള്ള വ്യക്തികളോ, പ്രസ്ഥാനങ്ങളോ ആണ്.
- ജന്മിമാരുടെ ആശ്രിതർ കുടിയാന്മാർ എന്നാണ് അറിയപ്പെടുന്നത്. മദ്ധ്യകാല കേരള ചരിത്രത്തിൽ ധാരാളം ജന്മിമാരെ കാണാൻ സാധിക്കും.
- ജാതിവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന കാലഘട്ടത്തിൽ ജന്മിത്തവ്യവസ്ഥിതിയും ശക്തമായിരുന്നു. സാധാരണഗതിയിൽ ഉന്നതകുലജാതിക്കാരായ വ്യക്തികൾ ജന്മിമാരും താഴ്ന്നജാതിക്കാരായി ഗണിക്കപ്പെട്ടിരുന്ന വ്യക്തികൾ അവരുടെ കുടിയാന്മാരുമായി കഴിയുന്ന സ്ഥിതിവിശേഷമായിരുന്നു ഉണ്ടായിരുന്നത്.
- എന്നാൽ ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളത്തിലെ ജന്മിത്തവ്യവസ്ഥിതിക്ക് ഒരു പരിധി വരെ അന്ത്യം കുറിച്ചു.

ജന്മിസമ്പ്രദായം

- കേരളത്തിൽ നിലവിലുണ്ടായിരുന്ന ഒരു ഭൂവുടമസമ്പ്രദായമാണ് ജന്മിസമ്പ്രദായം. ജന്മി തന്റെ ഉടമസ്ഥതയിലുള്ള ഭൂമി കുടിയാന്മാർക്ക് കൃഷിചെയ്യാൻകൊടുക്കുകയും അവർ ആദായത്തിന്റെ ഒരംശം ജന്മിക്ക് പാട്ടമായി നല്കുകയും ചെയ്യുന്ന പാരമ്പര്യവ്യവസ്ഥയാണ് ഇത്.

ENTRI

- <u>കാണപ്പാട്ട സമ്പ്രദായം :</u> പഴയകാല കേരളത്തിൽ നിലവിലിരുന്ന ഉത്പാദന വിനിമയ രീതിയായിരുന്നു കാണപ്പാട്ട സമ്പ്രദായം.
- ഭൂമിയിൽ സർവ്വ അവകാശങ്ങളും ഉള്ളവനും ഉത്പാദനത്തിന്റെ പ്രധാനഭാഗം കൃഷിയെടുത്തിരുന്ന പാട്ടക്കാരിൽ നിന്നും അനുഭവിക്കാൻ സ്വാതന്ത്ര്യം ഉള്ളവരുമായിരുന്ന ജന്മിമാർ തങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ഏർപ്പെടുത്തിയ പാട്ട സമ്പ്രദായമാണ് കാണപ്പാട്ട സമ്പ്രദായം.
- പാട്ടത്തിനു വാങ്ങുമ്പോൾ കുടിയാൻ ജന്മിക്കു കൊടുക്കുന്ന തുകയാണ് കാണം അഥവാ കാണപ്പണം. നിശ്ചിതമായ പ്രതിഫലം ഉറപ്പിച്ചു കൃഷിക്കുള്ള അവകാശം മറ്റൊരാളെ ഏല്പിക്കുന്നതി പാട്ടം എന്ന് പറയുന്നു.
- ഭൂമി പാട്ടക്കാരനു പണയമായി നൽകുന്നതു പോലെയാണ് കാണപ്പാട്ടം വ്യവസ്ഥകൾ.
- കുഴിക്കാണം, കുറ്റിക്കാണം, വെട്ടുകാണം, തേട്ടക്കാണം, നീർക്കാണം, കൈക്കാണം, നടുക്കാണം എന്നിങ്ങനെ കാണം പലവിധമുണ്ട്.
- തിരുവിതാംകൂറിലെ ഭൂരിഭാഗം നിലങ്ങളും കാണപ്പാട്ട വ്യവസ്ഥയിലായിരുന്നു.

**11. ദായക്രമങ്ങൾ**

- രക്തബന്ധത്തിലധിഷ്ഠിതമായ പാരമ്പര്യക്രമം. പാരമ്പര്യജീവിതം നയിക്കുന്ന സമുദായങ്ങൾ അവകാശം കൈമാറുന്നത് ദായക്രമമനുസരിച്ചാണ്.
- തറവാടിന്റെയും സ്വത്തിന്റെയും നിലനിൽപ്പും കൈമാറ്റവും ദായകക്രമനുസരിച്ചായിരിക്കും. സ്വത്തവകാശം, പിന്തുടർച്ചാവകാശം, ബന്ധുത്വാവകാശം, ആത്മീയാവകാശം തുടങ്ങിയവ തലമുറകളായി മാറിവരുന്നതിനെ ദായക്രമംകൊണ്ട് സ്ഥിരമാക്കിത്തീർക്കുന്നു.
- മക്കത്തായം (പിതൃദായം), മരുമക്കത്തായം (മാതൃദായം), ഉഭയദായം എന്നിങ്ങനെ ദായക്രമത്തിന് ഭിന്നതയുണ്ട്.

<u>മരുമക്കത്തായം</u>

- ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ കാസർഗോഡ് താലൂക്ക്, വടക്കെ മലബാറിലെ കണ്ണൂർ, തലശ്ശേരി, വടകര, നാദാപുരം, കുറ്റിയാടി, കുറുമ്പ്രനാട് താലൂക്ക്(കോഴിക്കോട് ജില്ല), പരപ്പനങ്ങാടി, പറവണ്ണ, കൂട്ടായി, തിരുവിതാംകൂറിലെ ചിറയംകീഴ് താലൂക്ക്, പറവൂർ, ഇടവ, ഒടേറ്റിൽ തുടങ്ങിയ പ്രദേശങ്ങളിലും പരിസരങ്ങളിലും ഭാഗീകമായും പൂർണമായും മുസ്ലിംകൾക്കിടയിൽ നിലനിന്നിരുന്ന സമ്പ്രദായമായിരുന്നു മരുമക്കത്തായം(മാതൃദായക്രമം).
- തെക്കൻ കർണാടകത്തിലെ അളിയ സന്താന രീതികളോട് പൂർണമായും സാദൃശ്യമുണ്ടായിരുന്ന ഈ സമ്പ്രദായം കേരളത്തിലെ മുസ്ലിംകളിൽ തീരദേശ നിവാസികളായിരുന്നു കൂടുതൽ ആചരിച്ചു വന്നിരുന്നത്.
- മലബാറിലെ ചില പ്രദേശങ്ങളിൽ ഇതിന്റെ ഭാഗമായി വധുഗൃഹത്തിൽ അന്തിയുറങ്ങുന്ന പുതിയാപ്പിള സമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നുണ്ട് നായർ സമുദായവും, മലബാറിലെ ഉയർന്ന തീയർ, രാജകുടുംബങ്ങളും, ചില ബ്രാഹ്മണരും, അമ്പലവാസികളും, ചില വിഭാഗം മലബാറിലെ മാപ്പിള മുസ്ലീമുങ്ങളും ഭൂരിഭാഗം ആദിവാസികളും അടിസ്ഥാനവർഗ്ഗങ്ങളും പാലിച്ചു പോന്നിരുന്നു.

- തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജകുടുംബങ്ങളിൽ രാജ്യാവകാശത്തിനു മരുമക്കത്തായക്രമമാണ് സികരിച്ചിട്ടുള്ളത്. മൂത്ത ഭാഗിനേയൻ അധികാരം ഏൽക്കുന്നതാണ് പതിവ്.
- കണ്ണൂരിൽ പയ്യന്നൂർ ഗ്രാമത്തിലെ നമ്പൂതിരിമാരൊഴികെയുള്ള കേരളീയബ്രാഹ്മണൻമാരെല്ലാം മക്കത്തായമാണ് സ്വീകരിച്ചത്.
- പയ്യന്നൂരിലെ പതിനാറ് ഭവനങ്ങളിൽ മാത്രം മരുമക്കത്തയം നിലന്നിന്നു. കേരളത്തിലും പുറത്തുമുള്ള ബ്രാഹ്മണർ അംഗീകരിച്ചിരുന്ന മിതാക്ഷരനിയമത്തിനു വിരുദ്ധമായിരുന്നു അത്.

<u>മക്കത്തായം</u>

- <u>മക്കൾക്ക് സ്വത്തവകാശമുള്ള ജാതിമുറയാണ് "പിതൃദായ ക്രമം" . പിതൃമേൽക്കോയ്മയുള്ള സമ്പ്രദായമാണിത്.</u>
- <u>ഈ സമ്പ്രദായത്തിൽ പിതാവാണ് പരമാധികാരി. പിതാവിൽ നിന്ന് പുത്രനിലേക്കാണ് പിന്തുടർച്ചാവകാശം.</u>
- <u>സംഘകാല കേരളത്തിലെ ആദി ചേരന്മാർ, ആയ്‌വംശരാജാക്കന്മാർ, കുലശേഖരന്മാർ തുടങ്ങിയവർ മക്കത്തായസമ്പ്രദായം പിന്തുടർന്നു പോന്നു .</u>

<u>ബ്രിട്ടീഷ് ആധിപത്യം</u>

- മറ്റു യൂറോപ്യൻ  രാജ്യങ്ങളെപ്പോലെ തന്നെ വ്യാപാര ലക്ഷ്യവുമായി എത്തിയ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനി 1664- ൽ  കോഴിക്കോട് ഒരു വ്യാപാരശാല സ്ഥാപിച്ചു.
- 1684-ൽ അവർ തിരുവിതാംകൂറിലെ അഞ്ചുതെങ്ങ് പ്രദേശം ആറ്റിങ്ങൽ റാണിയിൽ  നിന്നു സ്വന്തമാക്കി.
- 1695 -ൽ  അവിടെ ഒരു കോട്ടയും പണി തീർത്തു . ഇതേകാലത്ത് തലശ്ശേരിയിലും അവർ ആസ്ഥാനമുറപ്പിച്ചു.
- 1723 ഏപ്രിലിൽ  ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയും തിരുവിതാംകൂറും ഉടമ്പടി സ്ഥാപിച്ചു.
- 1792- ൽ ശ്രീരംഗപട്ടണം സന്ധി പ്രകാരം ടിപ്പു സുൽത്താന്റെ കൈവശത്തു നിന്നും മലബാർ ബ്രിട്ടീഷുകാർക്ക്  ലഭിച്ചു.
- 1791- കൊച്ചിയുമായും കമ്പനി ഉടമ്പടിയുണ്ടാക്കി. ഇതനുസരിച്ച് പ്രതിവർഷം കപ്പം നൽകി കൊച്ചി രാജാവ് ബ്രിട്ടീഷ് സാമന്തനായി.
- 1800 മുതൽ കൊച്ചി മദ്രാസിലെ ബ്രിട്ടീഷ് സർക്കാരിനു  കീഴിലായി.
- 1795-ലെ ഉടമ്പടിയനുസരിച്ച് തിരുവിതാംകൂറും ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. ഇതനുസരിച്ച് ഒരു ബ്രിട്ടീഷ് റസിഡെന്റ് തിരുവനന്തപുരത്തു താമസിച്ച് ഭരണമേൽനോട്ടം വഹിച്ചു.
- പ്രതിവർഷം   എട്ടുലക്ഷം രൂപയായിരുന്നു തിരുവിതാംകൂർ നൽകേണ്ടിയിരുന്ന കപ്പം.
- 1805-ൽ  ഒപ്പു വച്ച ഉടമ്പടി പ്രകാരം തിരുവിതാംകൂറിൽ ഉണ്ടാകുന്ന ആഭ്യന്തര മത്സരങ്ങളിലും ലഹളകളിലും ഇടപെടാനുള്ള അധികാരവും ബ്രിട്ടീഷുകാർക്കു ലഭിച്ചു. ഇതോടു കൂടി ഫലത്തിൽ കേരളം മുഴുവൻ ബ്രിട്ടീഷ് നിയന്ത്രണത്തിലായി.

**12. കർഷകപ്രസ്ഥാനം**

- 1935ൽ കൊളച്ചേരിയിൽ വെച് കർഷകസംഘം രൂപീകരണത്തെതുടർന്ന് മലബാറിൽ വിശേഷിച്ച് ചിറക്കൽ താലൂക്കിൽ പ്രാദേശിക കർഷകസംഘങ്ങൾ രൂപംകൊണ്ടപ്പോൾ അതിന്റെ സിരാകേന്ദ്രമായി പ്രവർത്തിച്ചത് നമ്മുടെ തൊട്ടടുത്ത കല്ല്യാശ്ശേരി ആണെങ്കിൽ സംഘത്തിന്റെ ഒന്നാം സമ്മേളനം നടന്നത് പറശ്ശിനിക്കടവിലായിരുന്നു.
- 1936 നവം. 1- തീയ്യതി നടന്ന ഈ സമ്മേളനത്തിന്റെ മുഖ്യ സംഘാടകർ പി. എം. ഗോപാലൻ , പി.എം.കുഞ്ഞിക്കണ്ണൻ , കെ. വി. നാരായണൻ നമ്പ്യാർ , സി. കോരൻ മാസ്റ്റർ എന്നിവരാ യിരുന്നു. അയ്യായിരത്തിലധികം കർഷകർ പങ്കെടുത്ത ഈ സമ്മേളനം കേരളത്തിന്റെ കർഷക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ വമ്പിച്ച വഴിത്തിരിവായി.
- ഫ്യൂഡൽ പദപ്രയോഗങ്ങളായ അടിയൻ , കരിക്കാടി തുടങ്ങിയവ ഉപേക്ഷിക്കാൻ ഈ സമ്മേളനത്തിനാണ് കർഷകർ തീരുമാനിച്ചത്.
- സംഘടിത തൊഴിലാളി -കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് മുമ്പേ തന്നെ ഇവിടെയുള്ള കർഷകർ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമരം ആരംഭിച്ചിരുന്നു.
- പാവപ്പെട്ട കർഷകർ ഒരു ഉപതൊഴിൽ എന്ന നിലയിൽ മാങ്ങാട്ട് പറമ്പിൽ നിന്ന് കല്ലുകൊത്തി വില്ക്കാറുണ്ടായിരുന്നു.
- അതുപോലെ വിശാലമായ ഈ പറമ്പിലെ പുല്ല് പറിച്ചെടുത്താണ് പരിസരത്തുള്ള ജനങ്ങൾ തങ്ങളുടെ കുടിൽ മേഞ്ഞിരുന്നത്.
- മാങ്ങാട്ട് പറമ്പ് പ്രദേശം മുഴുവൻ കടമ്പേരി ദേവസ്വത്തിന്റെ സ്വത്താണെന്ന് കരക്കാട്ടിടം നായനാർ വാദിച്ചു.
- സർക്കാറിനെതിരെ അദ്ദേഹം കേസുമായി കോടതിയിൽ പോയെങ്കിലും കല്ലുകൊത്ത് തൊഴിലാളികള് കോടതിയില് നല്കിയ മൊഴികളെ തുടര്ന്ന് മാങ്ങാട്ട് പറമ്പ് പുറംപോക്കാണെന്ന് സ്ഥാപിക്കപ്പെട്ടു.
- തൊഴിലാളി സംഘടനയൊന്നുമില്ലാതിരുന്ന ഈ കാലഘട്ടത്തിൽ കൃഷിക്കാർ നേടിയ ഈ വിജയം തുടര്ന്നുള്ള രാഷ്ട്രീയ സംഘടനാ മുന്നേറ്റത്തിന് വഴിയൊരുക്കി.

**13. തൊഴിലാളി പ്രസ്ഥാനം**

- തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി രൂപവത്കരിക്കുന്ന സംഘടനയാണ് ട്രേഡ് യൂണിയൻ.
- കേരളത്തിലെ ആദ്യകാല ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് സാമൂഹിക പ്രവർത്തകരായിരുന്നു. മുതലാളിത്തവ്യവസ്ഥയോടുള്ള താത്ത്വികമായ എതിർപ്പിനേക്കാൾ പ്രധാനമായി ഇവരെ ഇതിനു പ്രേരിപ്പിച്ചത് തൊഴിലാളികളുടെ ദുരിതപൂർണമായ ജീവിത സാഹചര്യങ്ങളായിരുന്നു.
- ആധുനികമായ തൊഴിൽ നിയമങ്ങളോ സേവന വേതന വ്യവസ്ഥകളോ നിലവിലില്ലാതിരുന്ന അക്കാലത്ത്, തൊഴിലാളികൾക്ക് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ വർണനാതീതമായിരുന്നു.
- തൊഴിൽ സമയം ക്ലിപ്തപ്പെടുത്തിയിട്ടില്ലായിരുന്നതിനാൽ തൊഴിലാളികൾ അതിരാവിലെ തന്നെ ജോലിയിൽ പ്രവേശിക്കണമായിരുന്നു. രാത്രി വളരെ വൈകും വരെ ജോലി ചെയ്യുകയും വേണം.
- മുതലാളിമാരുടെ ഏജന്റുമാരായ മേസ്ത്രിയും മൂപ്പനും കങ്കാണിയും പറയുന്നതെന്തും അനുസരിക്കണം. വിസമ്മതിക്കുകയോ

പ്രതിഷേധിക്കുകയോ ചെയ്താൽ ശിക്ഷ കഠിനമായിരുന്നു. ആലപ്പുഴയിലെ കയർ വ്യവസായശാലകളിലാണ് ഏറ്റവുമധികം തൊഴിലാളികൾ പണിയെടുത്തിരുന്നത്.

- മൂപ്പന്മാരായിരുന്നു ഫാക്ടറികളിലെ സർവാധിപതികൾ. ശമ്പളദിവസം 'മൂപ്പ്കാശ്' എന്ന പേരിൽ ഒന്നും രണ്ടും ചക്രം വീതം (ഇരുപത്തെട്ട് ചക്രം = ഒരു രൂപ) തൊഴിലാളികളിൽ നിന്ന് പിരിവ് നടത്തുകയെന്നത് ഇവരുടെ അലിഖിതമായ അവകാശമായിരുന്നു.
- നിസ്സാരകുറ്റങ്ങൾക്കുപോലും വലിയ തുക പിഴയിടുകയോ ശാരീരിക പീഡനമേൽപ്പിക്കുകയോ ചെയ്യുമായിരുന്നു. തൊഴിലാളികൾ നല്ല വസ്ത്രം ധരിക്കാൻ പാടില്ലായിരുന്നു. തിരുവിതാംകൂറിൽ ജാതിയടിസ്ഥാനത്തിലുള്ള വിവേചനവുമുണ്ടായിരുന്നു.
- ഈഴവർ, മുക്കുവർ, ഊരാളി, കൊല്ലൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്ക് നൽകിയിരുന്ന കൂലി 'ജാതിക്കൂലി' എന്നറിയപ്പെട്ടിരുന്നു.

**14. കേരളത്തിലെ വൈദേശിക സ്വാധീനം**

- അതി പ്രാചീനകാലം തൊട്ടു തന്നെ കേരളവും വിദേശരാജ്യങ്ങളും തമ്മിൽ ബന്ധങ്ങളുണ്ടായിരുന്നു.
- മുഖ്യമായും വാണിജ്യാധിഷ്ഠിതമായിരുന്ന ഈ ബന്ധം കേരളത്തിന്റെ സാംസ്കാരിക ഭൂമിശാസ്ത്രം രൂപപ്പെടുത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. ജൂത, ക്രൈസ്തവ, ഇസ്ലാം മതങ്ങൾ പുരാതന കാലത്തു തന്നെ കേരളത്തിൽ പ്രചരിക്കാൻ ഇടയാക്കിയത് വിദേശബന്ധമാണ്.
- കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങളാണ് പ്രാചീന കാലത്തു തന്നെ വിദേശികളെ ആകർഷിച്ചത്. ബി.സി. 3000 മുതൽ തന്നെ വിദേശീയർ കേരളത്തിലെത്തിയിരുന്നു.
- പ്രാചീന സുമേറിയൻ (മെസൊപ്പൊട്ടേമിയ) നാഗരികത വളർത്തിയെടുത്ത അസീറിയക്കാരും ബാബിലോണിയക്കാരും കേരളത്തിലെത്തി ഏലം, കറുവപ്പട്ട (ഇലവർങ്ഗം) തുടങ്ങിയവ കൊണ്ടു പോയി.
- അറബികളും ഫിനീഷ്യരുമാണ് കേരളവുമായുള്ള സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ ആദ്യം പ്രവേശിച്ചത്. ഒമാനിലെയും പേർഷ്യൻ ഉൾകടലിന്റെ തീരത്തെയും അറബികളാവണം സമുദ്രമാർഗ്ഗം ആദ്യമായി ഇവിടെ എത്തിയത്.
- ഉത്തരേന്ത്യയിലൂടെയും കേരളത്തിൻറെ സുഗന്ധ ദ്രവ്യങ്ങൾ മധ്യേഷ്യയിലെത്തി. ബി.സി അവസാന ശതകങ്ങളിൾ ഗ്രീക്കുകാരും റോമക്കാരും കേരളവുമായി വ്യപാരത്തിലേർപെട്ടു .
- പ്രാചീന ഗ്രീക്ക് ഭിഷഗ്വരനായ ദിയോസ്രോർദീസിന്റെ 'മെറ്റീരിയ മെഡിക്ക' എന്ന വൈദ്യഗ്രന്ഥത്തിൽ ഏലം, കറുവപ്പട്ട, മഞ്ഞൾ , ഇഞ്ചി എന്നിവയുടെ ഔഷധഗുണത്തെപ്പറ്റി വിവരിക്കുന്നുണ്ട്.
- ബി. സി. ഒന്നാം നൂറ്റാണ്ടിൽ റോമക്കാർ ഈജിപ്ത് ആക്രമിച്ചതോടെ അറബികൾക്ക് കേരളവുമായുണ്ടായിരുന്ന സുഗന്ധ വ്യഞ്ജന വ്യാപാരക്കുത്തക പൊളിഞ്ഞു. ആ സ്ഥാനത്ത് റോമക്കാർ കടന്നു വന്നു. ഒട്ടേറെ റോമൻ നാണയങ്ങൾ കേരളത്തിൽ നിന്നു കിട്ടിയിട്ടുണ്ട്.
- എ.ഡി. 45-ൽ ഈജിപ്ഷ്യൻ നാവികനായ ഹിപ്പാലസ് ഇന്ത്യൻ മഹാസമുദ്രത്തിലെ കാലവർഷക്കാറ്റിന്റെ ഗതി കണ്ടു പിടിച്ചതോടെ കേരളത്തിലേക്കുള്ള സമുദ്രയാത്ര എളുപ്പമായി. കുരുമുളകായിരുന്നു

കേരളത്തിൽ നിന്ന് വിദേശത്തെത്തിയ ചരക്കുകളിൽ ഏറ്റവും വിലപിടിച്ചത്.

- കേരളവുമായി വ്യാപാരത്തിലേർപ്പെട്ട മറ്റൊരു വിദേശജനതയായിരുന്നു ചൈനക്കാർ. ചൈനീസ് കപ്പലുകൾ കേരളത്തിലെ തുറമുഖങ്ങളിൽ എത്തിയത് ഒരു പക്ഷെ ഗ്രീക്കുകാർക്കും റോമക്കാർക്കും മുമ്പുതന്നെയായിരുന്നിരിക്കണം.
- പ്രാചീന ചൈനീസ് നാണയങ്ങൾ കേരളത്തിൽ നിന്നു കിട്ടിയിട്ടുണ്ട്. ചീനക്കളിമൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും ലഭിച്ചിട്ടുണ്ട്. ചീനച്ചട്ടിയും ചീനവലയും കേരളത്തിലെത്തിയ വഴിയും മറ്റൊന്നല്ല.

## 15. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ

<u>ചാന്നാർ ലഹള</u>

- പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ നാടാർ സമുദായത്തിൽപ്പെട്ട സ്ത്രീകൾ മാറുമറയ്ക്കുന്നതു സംബന്ധിച്ച് തെക്കൻ തിരുവിതാംകൂറിൽ പൊട്ടിപ്പുറപ്പെട്ട സംഘർഷമാണു ചാന്നാർ ലഹള എന്നറിയപ്പെടുന്നത്.
- മാറുമറയ്ക്കൽ സമരം, ശീലവഴക്ക്, മുലമാറാപ്പ് വഴക്ക്, മേൽശീല കലാപം, നാടാർ ലഹള എന്നീ പേരുകളിലും ഈ സമരം ചരിത്രരേഖകളിൽ പരാമർശിക്കപ്പെടുന്നു.
- നാടാർ സമുദായത്തിന്റെ മറ്റൊരു പേരാണ് ചാന്നാർ.  ഹിന്ദുമതത്തിലെ നാടാർ സമുദായത്തിൽപ്പെട്ട സ്ത്രീകൾക് മാറുമറക്കാൻ അവകാശം ഉണ്ടാവാത്തതിനെ തുടർന്ന് ക്രിസ്തുമതം സ്വീകരിച്ചശേഷം മാറുമറക്കാൻ ചില ചാന്നാർ സ്ത്രീകൾ ശ്രമിച്ചിരുന്നു.
- എന്നാൽ മാറുമറച്ചുനടന്നതിനെതിരെ സവർണ്ണഹിന്ദുക്കൾ നടത്തിയ അക്രമവും അതിനുള്ള പ്രതികരണവുമാണ് ഈ ലഹളയിലെ പ്രധാന സംഭവങ്ങൾ.
- സ്വാതന്ത്ര്യ പൂർവ കേരളത്തിൽ അരങ്ങേറിയ ആദ്യത്തെ മനുഷ്യാവകാശ സമരങ്ങളിലൊന്നായി ഈ ലഹള വിലയിരുത്തപ്പെടുന്നു.
- അക്കാലഘട്ടത്തിൽ സവർണ്ണ സ്ത്രീകൾക്കുമാത്രമേ നന്നായി വസ്ത്രം ധരിക്കുവാനും, ആഭരണങ്ങൾ ധരിക്കുവാനും അവകാശമുണ്ടായിരുന്നുള്ളു. താഴ്ന്ന ജാതികളിൽപ്പെട്ട സ്ത്രീകൾക്ക് ഇത്തരം അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു, മാത്രവുമല്ല ഈഴവർ, ചാന്നാർ, പുലയർ,കുറവർ, പറയർ തുടങ്ങിയ ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മേൽജാതിക്കാരുടെ മുമ്പിൽ മാറുമറക്കാനുള്ള അവകാശവുമുണ്ടായിരുന്നില്ല.

<u>വൈക്കം സത്യാഗ്രഹം</u>

- ഇന്ന് കേരളത്തിൽ ഉൾപ്പെടുന്ന പഴയ തിരുവിതാംകൂർ രാജ്യത്ത്,1924 മാർച്ച് 30 തുടങ്ങി 603 ദിവസം നീണ്ടു നിന്ന അയിത്തത്തിനെതിരായ സത്യാഗ്രഹ പ്രസ്ഥാനമാണ് വൈക്കം സത്യാഗ്രഹം.
- ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം മഹാദേവക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ് ഈ സത്യാഗ്രഹം സംഘടിക്കപ്പെട്ടത്. ക്ഷേത്രത്തിലേയ്ക്കുള്ള പൊതു വഴികളിലൂടെ സമൂഹത്തിലെ എല്ലാ

വിഭാഗക്കാർക്കും സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം.

- യാഥാസ്ഥിതികരുടെ എതിർപ്പിനെ മറികടന്ന് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനായി കേരളത്തിൽ നടന്ന ആദ്യത്തെ ആസൂത്രിത പ്രക്ഷോഭമായിരുന്നു വൈക്കം സത്യാഗ്രഹം.
- ഈ സത്യാഗ്രഹത്തിന് ശ്രീനാരായണ ഗുരു, മഹാത്മാഗാന്ധി തുടങ്ങിയ പ്രമുഖരുടെ പിന്തുണയുണ്ടായിരുന്നു. നിസ്സഹകരണ പ്രസ്ഥാനം നിറുത്തിവെച്ചതോടെ ഗാന്ധിജി രൂപംകൊടുത്ത സൃഷ്ടിപരമായ ഒരു പ്രവർത്തനമായ അയിത്തോച്ചാടനത്തിന്റെ ചുവടുപിടിച്ചാണ് വൈക്കം സത്യാഗ്രഹം രൂപംകൊള്ളുന്നത്.
- 1923 ഡിസംബറിലെ കാക്കിനാഡ സമ്മേളനത്തിൽ അയിത്തോച്ചാടന വിഷയത്തിൽ ദേശവ്യാപകമായ നടപടികൾ വേണമെന്ന ഒരു പ്രമേയം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പാസ്സാക്കുകയുണ്ടായി.
- ഇതെതുടർന്ന് കെ.പി.സി.സി. അയിത്തത്തിനെതിരായ പ്രക്ഷോഭത്തിനു രൂപംകൊടുത്തു. രാഷ്ട്രീയലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയുള്ള ഒരു സമരമായിരുന്നില്ലെങ്കിലും, മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾക്ക് വേണ്ടിയുള്ള ഒരു സംഘടിതപ്രക്ഷോഭമെന്ന നിലയിൽ; സ്വാതന്ത്ര്യസമരത്തിന്റെ ഗണത്തിൽപ്പെടുന്നതായി മിക്ക ചരിത്രകാരന്മാരും വിലയിരുത്തുന്നു.
- പിന്നാക്കജാതികളുടെ പൗരാവകാശപ്രശ്നങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ ജീവൽ പ്രശ്നങ്ങളിലൊന്നാക്കി മാറ്റാൻ വൈക്കം സത്യാഗ്രഹത്തിന് കഴിഞ്ഞു. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ നടന്ന മറ്റൊരു സമരവും ഇത്രയേറെ അഖിലേന്ത്യാശ്രദ്ധയും പ്രാധാന്യവും നേടിയില്ല.

ഗുരുവായൂർ സത്യാഗ്രഹം

- 1931-32 - ൽ തൊട്ടുകൂടായ്മ തീണ്ടൽ തുടങ്ങിയ അയിത്താചാരങ്ങൾക്കു എതിരായി നടത്തിയ സമരമാണ് ഗുരുവായൂർ സത്യാഗ്രഹം.
- കേരള നവോത്ഥാന ചരിത്രത്തിലെ ഒരു നാഴികകല്ലാണ് ഈ സമരം. വടകരയിൽ വച്ചു നടന്ന കെ.പി.സി.സി യോഗം ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകണം എന്ന പ്രമേയം പാസ്സാക്കിയിരുന്നു.
- ഈ പ്രമേയത്തിൻ പ്രകാരമാണ് ഗുരുവായൂർ സത്യാഗ്രഹം നടത്താൻ പദ്ധതി തയ്യാറാക്കിയത്. അന്നത്തെ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിശ്ചയിച്ചു നടത്തിയ ഈ സമരത്തിനു് കെ. കേളപ്പൻ, പി. കൃഷ്ണപിള്ള, മന്നത്ത് പത്മനാഭൻ, സുബ്രഹ്മണ്യൻ തിരുമുമ്പ് , എ. കെ.ജി എന്നിവരാണ് നേതൃത്വം നൽകിയതു്.

ശ്രീനാരായണ ഗുരു

- ആധുനിക ഭാരതം കണ്ട ഏറ്റവും വലിയ തത്വചിന്തകനും മഹാനായ സന്യാസിവര്യനും കേരള നവോത്ഥാന ചരിത്രത്തിലെ അതുല്യനായ സാമൂഹ്യ പരിഷ്കർത്താവും ആണ് ശ്രീനാരായണഗുരു (1856-1928).
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നതും അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന് സുഖത്തിനായി വരേണം

എന്നുള്ളതും ആയിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും.

- കേരളത്തിൽ നിലനിന്നിരുന്ന സവർണ മേൽക്കോയ്മ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ സമൂഹ്യതിന്മകൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും പോരാടിയ അദ്ദേഹം കേരളീയ സമൂഹത്തെയാകെ നവോത്ഥാനത്തിലേയ്ക്ക് നയിച്ചു. ജാതി വ്യവസ്ഥയെ ചോദ്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരു.
- താഴ്ന്ന ജാതിയിൽപ്പെട്ടവർക്കുൾപ്പെടെ ദൈവാരാധാന നടത്തുവാനായി, ശ്രീനാരായണഗുരു കേരളത്തിലും കർണാടകയിലും തമിഴ്നാട്ടിലുമായി ഏതാണ്ട് നാൽപ്പത്തഞ്ചോളം ക്ഷേത്രങ്ങൾ സ്ഥാപിച്ചു.
- രണ്ടുതവണ ശ്രീലങ്ക സന്ദർശിക്കുകയും അവിടെ ക്ഷേത്ര പ്രതിഷ്ഠ നടത്തുകയും ചെയ്തു. തന്റെ സാമൂഹിക പരിഷ്കാരങ്ങൾ പ്രചരിപ്പിക്കുന്നതിനായ് ഡോ. പൽപുവിന്റെ പ്രേരണയാൽ അദ്ദേഹം 1903ൽ ശ്രീ നാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നാണ് അദ്ദേഹത്തിന്റെ ആപ്തവാക്യം.

<u>അയ്യങ്കാളി</u>

- കേരളത്തിൽ നിലനിന്നിരുന്ന അസ്സമത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടിയ, കേരള നവോത്ഥാന നായകരിൽ പ്രമുഖനാണ് മഹാത്മാ അയ്യൻകാളി (ജീവിതകാലം: 28 ഓഗസ്റ്റ് 1863 - 18 ജൂൺ 1941).
- സമൂഹത്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയാണ് അയ്യൻകാളി പോരാടിയത്.
- പുലയസമുദായാംഗമായിരുന്ന അദ്ദേഹം സംഘാടനവും ശക്തിപ്രകടനവും വഴി സഞ്ചാരസ്വാതന്ത്ര്യം അനുവദിപ്പിച്ച് ശ്രദ്ധേയനായി.
- 1907-ൽ സാധുജന പരിപാലന യോഗം രൂപവത്കരിച്ചു ഉപജാതികൾക്കു അതീതമായി ചിന്തിക്കുകയും, സമൂഹത്തിലെ ക്രൂരമായ അനാചാരങ്ങളെ എതിർക്കുകയും ചെയ്യുക, വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ സ്വാതന്ത്ര്യത്തിലേക്ക് എത്തുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ആശയങ്ങൾ.
- 1980 നവംബറിൽ ഇന്ദിരാഗാന്ധി കവടിയാറിൽ മഹാത്മാ അയ്യൻകാളിയുടെ പ്രതിമ അനാച്ഛാദനം ചെയ്തു.

<u>വാഗ്ഭടാനന്ദൻ</u>

- ഇരുപതാം ശതകത്തിൽ കേരളത്തിൽ ഉണ്ടായ നവോത്ഥാനത്തിൽ പങ്കുവഹിച്ച പ്രമുഖ ആത്മീയാചാര്യന്മാരിൽ ഒരാളാണ് വാഗ്ഭടാനന്ദൻ / വയലേരി കുഞ്ഞിക്കണ്ണൻ (ജീവിതകാലം: 1885 ഏപ്രിൽ 27 - 1939 ഒക്ടോബർ 29).
- മലബാറിലെ ശ്രീ നാരായണ ഗുരു എന്നറിയപ്പെടുന്ന ഒരു സാമൂഹിക പരിഷ്കർത്താവ് ആണ് അദ്ദേഹം.
- ഹിന്ദു മതത്തിനുള്ളിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെ ഇല്ലായ്മ ചെയ്ത്, അതിലെ വിശ്വാസങ്ങളെയും ആചാരങ്ങളെയും

ENTRI

കാലത്തിനനുസരിച്ച് പരിഷ്കരിക്കരിക്കാൻ ശ്രമിച്ച ഒരു വ്യക്തിയാണ് വാഗ്ഭടാനന്ദൻ.

ചട്ടമ്പിസ്വാമികൾ

- ചട്ടമ്പിസ്വാമികൾ അഥവാ പരമഭട്ടാരക വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ (ഓഗസ്റ്റ് 25, 1853 - മേയ് 5, 1924) കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ നിർണ്ണായക പങ്കുവഹിച്ച ആത്മീയാചാര്യനായിരുന്നു.
- ഹിന്ദുമതത്തിലെ ബ്രാഹ്മണാധിപത്യത്തെ ചോദ്യം ചെയ്താണ് അദ്ദേഹം പൊതുരംഗത്തു ശ്രദ്ധേയനായത്. കൂടാതെ ക്രിസ്തുമതഛേദനം എന്ന പുസ്തകവും ഇദ്ദേഹത്തെ ശ്രദ്ധേയനാക്കി.
- വർണ്ണാശ്രമ വ്യവസ്ഥയുടെ നിഷേധം, സ്ത്രീപുരുഷ സമത്വവാദം, സാർവത്രിക വിദ്യാഭ്യാസത്തിനുള്ള ആഹ്വാനം എന്നിങ്ങനെ അതുവരെ കേരളീയ സമൂഹം ചർച്ച ചെയ്യാത്ത വിഷയങ്ങൾ ചട്ടമ്പിസ്വാമികൾ പൊതുവേദികളിൽ അവതരിപ്പിച്ചു.
- മതപുരാണങ്ങളെയും ആചാരങ്ങളെയും യുക്തിയുടെ വെളിച്ചത്തിൽ സമീപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലി.

**16. കേരളീയകലകൾ ക്ലാസ്സിക്കൽ**

ഒട്ടേറെ വൈവിധ്യമാർന്ന കലാരൂപങ്ങൾ കേരളത്തിലുണ്ട്. ചില കലാരൂപങ്ങൾ അനുഷ്ഠാനങ്ങളായി ആരംഭിക്കപ്പെട്ടതാണെങ്കിലും നിലവിൽ അവ പ്രദർശനമായും നടത്തപ്പെടുന്നുണ്ട്. കലകളെ ദൃശ്യ കലകൾ, പ്രകടന കലകൾ എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ദൃശ്യകലയിൽ വിവിധ ചിത്രകലാരൂപങ്ങൾ, ശിൽപകല, അലങ്കാര കല എന്നിവ പോലുള്ളവ ഉൾക്കൊള്ളുമ്പോൾ പ്രകടന കലകളിൽ ശ്രവ്യ കലകളായ സംഗീതം, കഥാപ്രസംഗം എന്നിവ പോലുള്ളവയും വിവിധ നൃത്തരൂപങ്ങളും എല്ലാം ഉൾപ്പെടുന്നു. പ്രകടന കലകൾക്ക് അകമ്പടിയായി വികസിച്ച ചില ശ്രവ്യകലാരൂപങ്ങൾ ഇപ്പോൾ സ്വന്തമായ നിലനിൽപ് കൈവരിച്ചിട്ടുണ്ട്. (ഉദാഹരണം: കഥകളിപദം).

കഥകളി

- കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണു കഥകളി. രാമനാട്ടമെന്ന കലാരൂപം പരിഷ്കരിച്ചാണ്, കഥകളിയുണ്ടായത്. കഥകളിയിലെ കഥാപാത്രങ്ങൾ, പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെയുള്ള വേഷങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്.
- ശാസ്ത്രക്കളി, ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണിതുടങ്ങിയ ക്ലാസ്സിക്കൽ - നാടൻകലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്.
- 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യവിഭാഗങ്ങൾക്കിടയിൽമാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോളടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി, ഇന്നു ലോകപ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

- നാട്യം, നൃത്തം, നൃത്യമെന്നിവയെ ആംഗികമെന്ന അഭിനയോപാധിയിലൂടെ സമന്വയിപ്പിച്ചവതരിപ്പിക്കുകയാണു കഥകളിയിൽ. ഒരു വാചകത്തിൽപ്പറഞ്ഞാൽ ആംഗികമാണു കഥകളിയുടെ മർമ്മം.
- കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണഭാഗങ്ങളായ പദങ്ങൾ, പാട്ടുകാർ പിന്നണിയിൽനിന്നു പാടുകയും നടന്മാർ അഭിനയത്തിലൂടെ കാവ്യത്തിലെ പ്രതിപാദ്യം അരങ്ങത്തവതരിപ്പിക്കുകയുംചെയ്യുന്നു.
- നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസസമ്മേളനമാണു കഥകളി.
- കളിതുടങ്ങുന്നതിനുമുമ്പ്, മദ്ദളകേളി (അരങ്ങുകേളി/ശുദ്ധമദ്ദളം), വന്ദനശ്ലോകം, തോടയം, മേളപ്പദം(മഞ്ജുതര)തുടങ്ങിയ പ്രാരംഭച്ചടങ്ങുകളുണ്ട്.
- കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായിത്തിരിച്ചിരിക്കുന്നു.
- പച്ച സൽക്കഥാപാത്രങ്ങളും (സാത്വികം) കത്തി രാജസകഥാപാത്രങ്ങളുമാണ്. (രാജാക്കന്മാരായ ദുഷ്ടകഥാപാത്രങ്ങൾ.)
- കരിവേഷം രാക്ഷസിമാർക്കാണ്. ചുവന്നതാടി താമസസ്വഭാവമുള്ള (വളരെ ക്രൂരന്മാരായ) രാക്ഷസർമുതലായവരും കറുത്തതാടി കാട്ടാളർമുതലായവരുമാണ്.
- കലിയുടെ വേഷം കറുത്തതാടിയാണ്.
- ഹനുമാനു വെള്ളത്താടിയാണു വേഷം. സ്ത്രീകളുടേയും മുനിമാരുടേയും വേഷം മിനുക്കാണ്.
- ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടികുത്ത് എന്നു പറയുന്നു.

<u>കൃഷ്ണനാട്ടം.</u>

- കേരളത്തിന്റെ തനതുകല എന്ന് വിശ്വപ്രസിദ്ധിയാർജ്ജിച്ച കഥകളിയുടെ മൂലകലയും കേരളീയമായ ആദ്യത്തെ നൃത്തനാടകവുമാണ് കൃഷ്ണനാട്ടം.
- കൃഷ്ണഗീതിയെ അഷ്ടപദി എന്നു പറയുമ്പോലെ കൃഷ്ണനാട്ടത്തെ അഷ്ടപദിയാട്ടം എന്നും പറയുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പ്രധാന വഴിപാടായി കൃഷ്ണനാട്ടം നടത്താറുണ്ട്. എട്ടുദിവസത്തെ കളിയാണ് കൃഷ്ണനാട്ടം.
- എട്ടുനാഴി എണ്ണ, എട്ടുതിരി, എട്ടു കുട്ടികൾ , എട്ടുനാഴിക നേരത്തെ കളി, എട്ടു അരങ്ങു പണം എന്നിങ്ങനെ എട്ടു ചേർന്നുള്ള കണക്കുകളാണ് കൃഷ്ണനാട്ടത്തിനുള്ളത്.
- ശ്രീകൃഷ്ണൻറെ അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ലീലകൾ എട്ടു കഥകളായിട്ടാണ് അവതരിപ്പിച്ചുവരുന്നത്.
- എട്ടു രാത്രികൾ കൊണ്ട് ആടി തീർക്കാവുന്ന രീതിയിലാണ് കൃഷ്ണനാട്ടം രൂപകല്പന ചെയ്തിരിക്കുന്നത്.
- ഇവ ക്രമപ്രകാരം 'അവതാരം', 'കാളിയമർദ്ദനം', 'രാസക്രീഡ', 'കംസവധം', 'സ്വയംവരം', 'ബാണയുദ്ധം', 'വിവിദവധം', 'സ്വർഗാരോഹണം' എന്നിവയാണ്. ശുഭസൂചകമല്ലാത്തതു കാരണം എല്ലായ്പ്പോഴും സ്വർഗ്ഗാരോഹണത്തിനു ശേഷം 'അവതാരം' കൂടി ആടാറുണ്ട്.

- കൂട്ടിയാട്ടത്തിൽ നിന്ന് അലങ്കാരവും വസ്ത്രരീതികളും സ്വാംശീകരിച്ച കൃഷ്ണനാട്ടത്തിലെ പ്രധാന വാദ്യോപകരണങ്ങളാണ്. ശുദ്ധമദ്ദളം, തൊപ്പിമദ്ദളം, ശംഖ്, ഇലത്താളം എന്നിവ. കഥകളിയുടെ പല അംശങ്ങളും കൃഷ്ണനാട്ടത്തിൽ നിന്നു സ്വീകരിച്ചതാണ്.
- കൃഷ്ണനാട്ടം പ്രധാനമായും ലാസ്യപ്രധാനമാണെങ്കിലും കൃഷ്ണനും മല്ലന്മാരും തമ്മിലുള്ള രംഗം താണ്ഡവപ്രധാനമാണ്.

<u>കൂടിയാട്ടം</u>

- ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം.
- അഭിനയകലയ്ക്ക് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ "അഭിനയത്തിന്റെ അമ്മ" എന്നും വിശേഷിപ്പിക്കുന്നു.
- കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമേയുള്ളു.
- ഏറ്റവും പ്രാചീനമായ സംസ്കൃതനാടകരൂപങ്ങളിലൊന്നാണിത്. പൂർണരൂപത്തിൽ ഒരു കൂടിയാട്ടം അവതരിപ്പിക്കാൻ 41 ദിവസം വേണ്ടിവരും.

<u>അഭിനയപ്രകാരങ്ങൾ</u>

- പതിഞ്ഞാട്ടം
  സമാവസ്ഥയിൽ നിന്നാണ് പതിഞ്ഞാട്ടം അഭിനയിക്കുന്നത്. ശൃംഗാരം, ദുഃഖം, എന്നിവയ്ക്ക് പതിഞ്ഞാട്ടം.
- ഇളകിയാട്ടം
  ഒരു കാൽ മുൻപിലും, ഒന്നു പിന്നിലും വച്ചിട്ടാണ് ഇളകിയാട്ടം. വീരം, രൌദ്രം, അത്ഭുതം എന്നിവ അഭിനയിക്കുന്നത് ഇളകിയാട്ട രീതിയിലാണ്.
- ഇരുന്നാട്ടം
  പാത്രഭേദമനുസരിച്ച് വീരാസനത്തിലിരുന്ന് അഭിനയിക്കുന്നു. നൃത്തമാടുന്ന സമയത്ത് എഴുന്നേൽക്കുന്നു. രാമൻ, രാവണൻ എന്നീ കഥാപാത്രങ്ങളുടെ ദുഃഖം ഇരുന്നാട്ടത്തിൽ അഭിനയിക്കുന്നു.

<u>ഓട്ടൻതുള്ളൽ</u>

- മുന്നൂറോളം കൊല്ലംമുമ്പ് കലക്കത്തു കുഞ്ചൻ നമ്പ്യാർ ആവിഷ്കരിച്ച ജനകീയ കലാരൂപമാണ് ഓട്ടൻതുള്ളൽ.
- സാധാരണക്കാരന്റെ കഥകളി എന്നും ഓട്ടൻതുള്ളൽ അറിയപ്പെടുന്നു. നർമ്മവും ആക്ഷേപഹാസ്യവും സാമൂഹിക വിശകലനവും എല്ലാം ചേർത്ത് ആകർഷകമായി രചിച്ച പാട്ടുകൾ ബഹുജനങ്ങൾക്ക് ആകർഷകമാം വിധം ചടുല നൃത്തമായി അവതരിപ്പിക്കുകയാണ് ഓട്ടൻതുള്ളലിൽ.
- ലളിതമായ വേഷവും നാടോടി സ്വഭാവമുള്ള അംഗചലനങ്ങളുമാണ് തുള്ളലിന്. മിക്കപ്പോഴും ക്ഷേത്രത്തിനു പുറത്താണ് അവതരിപ്പിച്ചിരുന്നത്.
- ചാക്യാർ കൂത്തിനു പകരമായി ആണ് ഓട്ടൻതുള്ളൽ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചത്. അന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥയ്ക്കും മുൻവിധികൾക്കും എതിരായ ഒരു പ്രതിഷേധമായിരുന്നു ഓട്ടൻതുള്ളൽ.
- നിറപ്പകിട്ടാർന്ന വേഷങ്ങൾ അണിഞ്ഞ ഒരു കലാകാരൻ ഒറ്റയ്ക്ക് തുള്ളൽ പാട്ടുപാടി നൃത്തം ചെയ്യുകയും അഭിനയിക്കുകയും ചെയ്യുന്നു.

- വേഷക്രമം
  ഓട്ടൻ തുള്ളലിലെ വേഷക്രമത്തിന് കഥകളിയുടേതിനോട് സാമ്യമുണ്ട് എന്നു പറയാം.
  കിരീടം ,ശരീരത്തിനെയും വയറിനെയും മറയ്ക്കുന്ന മാർമാലയും കഴുത്താരവും കൈയ്യിൽ തോൾക്കൂട്ടം,പരത്തിക്കാമണിയും അരയിൽ 'അമ്പലപുഴ കോണകം' എന്നറിയപ്പെടുന്ന തുണിനാടകൾ കൊണ്ടുണ്ടാക്കിയ പാവാടയും കരമുണ്ടും കാലിൽ ചിലങ്കകൾ എന്നിവയാണ് ഓട്ടൻതുള്ളലിലെ വേഷം.

- തുള്ളലിലെ താളങ്ങൾ
  തുള്ളലിൽ ഉപയോഗിയ്ക്കുന്ന താളങ്ങൾ ഇവയാണ്
  <u>ഗണപതി താളം</u>
  തുള്ളൽ തുടങ്ങുമ്പോൾ ചുവടുവെയ്ക്കുന്നത് ഈ താളത്തിനനുസരിച്ചാണ്.

  <u>ചമ്പ താളം</u>
  10 അക്ഷര താളം. വായ്ത്താരി ഇപ്രകാരമാണ്"തത്തിന്തത്താ കിടധീ ധിതി ത്തിത്തൈ"

  <u>ചെമ്പട താളം</u>
  8 അക്ഷരതാളം. കൂടാതെ മർമ്മ താളം,ലക്ഷ്മീ താളം,കുംഭ താളം,കാരികതാളം,കുണ്ടനാച്ചിതാളം തുടങ്ങിയവയും ഉണ്ട്.
- ഓട്ടൻ തുള്ളലിൽ പൊതുവേ ഉപയോഗിച്ച് കാണുന്നത് തരംഗിണി എന്ന വൃത്തമാണ്.

**17. നാടോടി - സംഗീത പാരമ്പര്യം**

- നാടോടി സംഗീതം Folk music എന്നത് പരമ്പരാഗതമായ സംഗീതമാണെങ്കിൽ യൂറോപ്പിൽ ഇരുപതാം നൂറ്റാണ്ടിലെ നാടോടിസംഗീത പുനരുദ്ധാനവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.
- പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഈ പദം ഇംഗ്ലീഷിൽ ഉത്ഭവിച്ചതെങ്കിലും ഇതേ ആശയം അതിനുമുമ്പുള്ള സംഗീതത്തിലും ആരോപിച്ചിട്ടുണ്ട്.
- ചില തരം നാടോടിസംഗീതത്തെ ലോകസംഗീതമെന്നു വിശേഷിപ്പിച്ചുവരുന്നുണ്ട്.
- പരമ്പരാഗതമായ നാടോടിസംഗീതത്തെ Traditional folk music പല രീതിയിൽ നിർവ്വചിക്കാവുന്നതാണ്.
- വാമൊഴിയായി പ്രചരിക്കുന്ന സംഗീതം, അറിയപ്പെടാത്ത സംഗീതസംവിധായകരാൽ നിർമ്മിക്കപ്പെട്ട സംഗീതം അല്ലെങ്കിൽ അറിയപ്പെടാത്ത സംവിധായകരാൽ നിർമ്മിതമായ സംഗീതം അല്ലെങ്കിൽ ഒരു അനുഷ്ഠാനമെന്ന നിലയിൽ വളരെ നീണ്ടകാലമായി നടത്തുന്ന സംഗീതപരിപാടി തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടും.
- ഇതിനു ബദലായി വാണിജ്യപരവും ക്ലാസിക്കൽ ശൈലികളും സംഗീതത്തിനുണ്ട്.
- ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് തുടങ്ങിയ ഒരു പുതിയ രൂപത്തിലുള്ള ജനകീയ സംഗീതം പരമ്പരാഗതമായ നാടോടിസംഗീതത്തിൽനിന്നും ഉത്ഭവിക്കുകയുണ്ടായി.

- ഈ രീതിയെയും സമയകാലത്തെയും രണ്ടാം നാടോടിപുനരുദ്ധാനം എന്നു വിളിച്ചുവന്നു. ഈ പുനരുദ്ധാനം അതിന്റെ ഉന്നതിയിലെത്തിയത് 1960കളിലാണ്.
- ഈ രുപത്തിലുള്ള സംഗിതത്തെ ചിലപ്പോൾ പ്രാദേശികമായ നാടോടിസംഗീതമെന്നോ നാടോടി പുനരുദ്ധാനസംഗീതമെന്നോ വിളിച്ചുവരുന്നുണ്ട്.
- ഈ തരം സംഗീതത്തെ ഇതിനുമുമ്പുള്ള ഇനം സംഗീതത്തിൽനിന്നും വേർതിരിച്ചറിയാനാണിങ്ങനെ വ്യത്യസ്ത പേരിൽ വിളിച്ചുവരുന്നത്.
- ഇത്തരം ചെറിയതരം സംഗീത പുനരുദ്ധാനം മറ്റു സമയത്ത് ലോകവ്യാപകമായി പലയിടങ്ങളിലും നടന്നിട്ടുണ്ട്.
- ആ നാടോടിസംഗീത പുനരുദ്ധാനങ്ങളെ ഈ വിഭാഗത്തിൽപ്പെടുത്തിയിട്ടില്ല. ഇത്തരം നാടോടി സംഗീതത്തിൽ നാടോടി മെറ്റൽ, റോക്ക് തുടങ്ങിയവയും ഉൾപ്പെടുന്നു.
- സമകാലീന നാടോടി സംഗീതം പരമ്പരാഗത നാടോടി സംഗീതത്തിൽനിന്നും വ്യത്യസ്തമായി നിലകൊള്ളുന്നു.

**18. ചിത്രകല പാരമ്പര്യം**

- പ്രാചീന കേരളം ചിത്രകലയിൽ മികവുപുലർത്തിയിരുന്നുവെങ്കിലും അതിനുള്ള തെളിവുകൾ ഇന്ന് അപൂർണമാണ്.
- കേരളത്തിലെ അതിവൃഷ്ടിയും അതിതാപവും കൊണ്ട് അവയിലെ പലതും മങ്ങി മാഞ്ഞു പോയതാവണം .
- നവീന ശിലായുഗകാലത്തേതെന്ന് കരുതാവുന്ന ചില ചിത്രങ്ങൾ ബത്തേരിക്കടുത്തുള്ള എടക്കൽ ഗുഹയിൽ നിന്ന് ലഭിച്ചിട്ടുണ്ട് .
- മനുഷ്യരുടെയും മൃഗങ്ങളുടെയും മനുഷ്യരുപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെയും ചിത്രങ്ങൾ കൂടാതെ മുഖാവരണവും ശിരോവസ്ത്രവുമണിഞ്ഞുകൊണ്ട് നൃത്തം ചെയ്യുന്ന രൂപങ്ങൾ ഇവയൊക്കെ ശിലാഭിത്തിയിൽ കല്ലുളികൊണ്ട് നിർമിച്ച ശിലാചിത്രങ്ങളായി തെളിഞ്ഞു കാണാം.
- ഇതര ജന്തുക്കളെയും പ്രകൃത്യാതീതശക്തികളെയും ഭയപ്പെടുത്തുന്നതിനും പ്രീണിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രകൃതമനുഷ്യൻ ഗുഹാഭിത്തിയിൽ ചിത്രം നിർമ്മിച്ചിരുന്നതെന്ന് പല ചരിത്രകാരന്മാരും സിദ്ധാന്തിച്ചിട്ടുണ്ട്.

**19. സമകാലകേരളീയ സംസ്കാരത്തെ നിയന്ത്രിക്കുന്ന സാമൂഹിക സാമ്പത്തിക ഘടകങ്ങൾ**

- ഭൂപരിഷ്കരണ നിയമങ്ങളെ തുടർന്ന് കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ഘടനക്ക് മാറ്റം സംഭവിച്ചു.
- 1957 ൽ കേരള ഒഴിപ്പിക്കൽ നിരോധന നിയമം പാസാക്കപ്പെട്ടു .
- കർഷക്കാർക് കടബാധ്യതകളിൽ നിന്ന് ആശ്വാസം നൽകുന്ന കേരളം കാർഷിക ഋണാശ്വാസ നിയമവും കൂടിയാന്മാർ നട്ടുവളർത്തുന്ന കാർഷികോല്പന്നങ്ങൾക് നഷ്ടപരിഹാരം നൽകുന്ന മറ്റൊരു നിയമവും പാസാക്കപ്പെട്ടു.
- 1969 ൽ പാസ്സാക്കപ്പെട്ട കേരളഭൂപരിഷ്കരണ നിയമം ജനുവരി 1 മുതൽ ജന്മിസമ്പ്രദായം നിർത്തലാക്കി.

- ഈ നിയമം കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ തന്നെ മാറ്റം വരുത്തി .
- കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ ഒരു പ്രത്യേകത സ്റ്റേറ്റിന്റെ വരുമാനത്തേക്കാൾ കൃഷിക്കുള്ള പങ്ക് ഇന്ത്യയുടെ ദേശിയ വരുമാനത്തിൽ കൃഷിക്കുള്ള പങ്കിനേക്കാൾ വളരെ വലുതാണ് എന്നതാണ് .
- സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഇരുപതാം നൂറ്റാണ്ടോടെ ശക്തി പ്രാപിച്ചു .
- വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ ആസൂത്രണവും, സാമൂഹിക പരിഷ്കരണത്തിന്റെ തയ്യാറാകാൻ ജനങ്ങളുടെ ബോധവത്കരണവും, സമ്പത്ത് വ്യവസ്ഥയുടെ വികേന്ദ്രീകരണവും, വരേണ്യവൽക്കരണത്തിനെതിരെയും,, സാമ്രാജ്യ കുത്തകകളുടെ ചൂഷണത്തിനെതിരേയും, നടത്തപ്പെടേണ്ട സമരവും , പൂർണമായ ജനാതിപത്യവത്കരണവും ഒരു പുതിയ കേരളീയ സമൂഹത്തിന്റെ രൂപവത്കരണത്തിന് ആവശ്യമായ ഘടകങ്ങളാണ് .